
പുസ്തകം ൪.　　ലക്കം ൧൨.

കഥാചന്ദ്രിക

"Jesus taught them many things in parables."
(Mark 4 2.)

"ഒരംശോ അവരെ പലതും
കഥാരൂപേണ
പഠിപ്പിച്ചു."
(മർക്കോസ് ൪-൨.)



പ്രസാധിപർ:— ഫാദർ ജേക്കബ് നടുവത്തുശ്ശേരിൽ.

വിഷയവിവരം.

1. മംഗളം. (ശ്രീമാൻ വി. തലക്കെട്ടി.)
2. സന്തമാറിന്റെ ദാസന്മാർ. (സി. എം. മാത്തു കല്ലൂർ.)
3. അഭിനയപ്പാട്ട്.
4. ജെപ്തയുടെ പുത്രി. (റവ. ഫാദർ പീറ്റർ വടശ്ശേരി)
5. ബൈബിൾ കഥകൾ.
(റവ. ഫാദർ എം. വടക്കേൽ)
6. "ഒരു കുമ്പാനപ്പൊല്ലിക്കുടെ" (കെ. കെ. കവലക്കാട്ട്)
7. വേദോപദേശ കഥകൾ.
8. പ്രസാധകക്കുറിപ്പുകൾ.
9. മെത്രാപ്പോലീത്താ മംഗളം. (ശ്രീമാൻ എം. വി. ജേക്കബ്, കിണ്ണ.)
10. മംഗളാശംസകൾ.

വൈദികാനുമതി.

No. 1907.
Mis. No. 316.

കത്തോലിക്ക ബാലികാബാലന്മാരുടെ ജ്ഞാനവർദ്ധനവിനേയും സൽസ്വഭാവരൂപീകരണത്തേയും ഉദ്ദേശിച്ചുള്ള "കഥാചന്ദ്രിക" എന്ന പത്രഗ്രന്ഥത്തെ പ്രസിദ്ധീകരിച്ചുകൊള്ളുന്നതിനു അനുവദിക്കുന്നു. അതിന്റെ പ്രസാധകനായ നടുവത്തുശ്ശേരിൽ പെ. ബ. യാക്കോബ് അച്ചന്റെയും, ധനവ്യയംചെയ്തു അതിനെ സഹായിക്കുന്ന മിസ്റ്റർ കോട്ടുതത്തി പാലം ജേക്കബിന്റെയും, പത്രനടത്തിപ്പിനുവേണ്ട മറ്റു പരിശ്രമങ്ങൾ ചെയ്യുവരുന്ന എറണാകുളം സെൻറ് മേരീസ് കത്തോലിക്ക യുവജനസമാജത്തിന്റെയും ഉദ്യമത്തെ ഞാൻ ശ്ലാഘിക്കയും, ഈ പുതിയ പ്രസിദ്ധീകരണത്തിനു സകല വിജയങ്ങളും ആശംസിച്ചുകൊണ്ടു ദൈവാശീർവ്വാദം അപേക്ഷിക്കയും ചെയ്യുന്നു.

"കഥാചന്ദ്രിക" നമ്മുടെ കത്തോലിക്ക കുടുംബങ്ങളിലെല്ലാം സൈരമായി സഞ്ചരിച്ചുകാണ്മാൻ ആഗ്രഹിക്കുന്നു.

എന്നു എറണാകുളത്തുനിന്നും, ഫർവരി ആഗസ്റ്റ് നാലാംനു-,

അഡ്മിനിസ്ട്രേറ്റർ വികാരിജനറൽ

നെടുങ്ങല്ലേൽ തോമ്മാ ക.

(ഒപ്പു.)

കഥാചന്ദ്രിക.

എറണാകുളം സെൻറു മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൧.	ഫൽഗു നവംബർ.	ലക്കം ൧൧.

മംഗളം.

ചന്ദ്രൻപൂവെന്നവന്നാൽ, ധവളിമയതെഴും-
തുള്ളുകാലത്തിലുംതാൻ
സാന്ദ്രം സൌഗന്ധ്യസഞ്ചാരണമഖിലജഗ-
ന്മണ്ഡലേചേരുമല്ലോ;
ചാന്ദ്രശ്രീയോടുപൂവിൻ പരിമളമധുവും
കേരളീയക്കു നൽകീ
മന്ദ്രപ്രജ്ഞാഭിവൃദ്ധിസ്ഫുരകുവതുവിധം
വാഴ്കയേ! 'ചന്ദ്രികാ'വ്യേ!

പി. തലക്കോട്ടി.

The Servants of St. Mark.

സന്തമാറിന്റെ അടിമകൾ.

"അമ്മേ, നോക്കു എന്തു ഭയങ്കരം! അയ്യോ! ആ വള്ളം ഇപ്പോൾ മുങ്ങും. എന്റെ ദൈവമേ, അവരെ രക്ഷിപ്പാൻ ആരുമില്ലേ" യെന്നു ഭയത്താൽ വിറച്ചു ജനൽകമ്പികളിൽ താനറിയാതെ തന്നെ മുറുകെ

പിടിച്ചുകൊണ്ടു സാറാമ്മ പടിഞ്ഞാറോട്ടു മൂണ്ടിക്കാണിച്ചു നിലവിളിച്ചു. നിലവിളികേട്ടു ഓടി എത്തിയ അവളുടെ അമ്മ ഒറ്റ നോട്ടത്തിൽതന്നെ സ്തംഭിച്ചു നിന്നുപോയി. ആകാശം ഇനിയും കാർമേഘത്താൽ ഇരുൾപൂണ്ടിരിക്കുന്നു. കാറ്റു അതിശക്തിയായി ഊതി അലറുന്നു. കറുത്തിരുണ്ട രാക്ഷസസമാനം ഉയർന്നു കടലഴിഭേദിച്ചു കായലിലേക്കു വരുന്ന തിരകളുടേ ഭയങ്കരത്വവും അലച്ചിലും ആരെയാണു ഭയക്രാന്തന്മാരാക്കാത്തതു!

ഈ പെരുംകോളിൽ പെട്ടു വലയുന്ന ഒരു ചെറിയ കടത്തുവള്ളവും അതിലെ എട്ടോ പത്തോ സാധുയാത്രക്കാരുമാണു മറിയാമ്മയുടെ ദൃഷ്ടിയിൽ പെട്ടതു്. സാധുയാത്രക്കാർ! അവരുടെ നിലവിളികളും പ്രലാപങ്ങളും ഉഗ്രമായി അടിക്കുന്ന കാറ്റിൽ ലയിച്ചുപോകുന്നതേയുള്ളു. ദൂരെ കരയിൽനിന്നു അവരുടെ കയ്യയത്തിയുള്ള ചില ഗോഷ്ടികൾ മാത്രം ആ ഇരുളിൽ കാണാം.

"മകളെ നീ എന്തിനു ഇത്ര പരിഭ്രമിക്കുന്നു? സന്തമാറിന്റെ മക്കൾക്കു ഒരപകടവും ഉണ്ടാവില്ല" എന്നു മെല്ലെമെല്ലെ പറഞ്ഞുകൊണ്ടു മറിയാമ്മ താഴെ നിലവിളിക്കുട്ടന്ന ഒരു വയസ്സു മാത്രം പ്രായമുള്ള കുട്ടിയുടെ അടുക്കലേക്കു ഓടി. സാറാമ്മ ജനല്പ്പൽതന്നെ മുട്ടിൽവീണു ധാരയായി ഒഴുകുന്ന കണ്ണുനീരുകളോടുകൂടി പ്രാർത്ഥനതുടങ്ങി.

പൊടുന്നനെ കായലിൽക്കൂടി ഒരു ആർപ്പുവിളിയോടുകൂടി രണ്ടുബ്രഹ്മാണ്ഡവള്ളങ്ങൾ കടന്നുപോയി. അവർ അത്യാശയോടെന്നവണ്ണം പെട്ടന്നെഴുന്നേറ്റു അവയെ ഉറ്റുസൂക്ഷിച്ചു. അവയിൽ ഉണ്ടായിരുന്നവർ സന്തമാറിന്റെ അടിമകൾ എന്നു സ്വയം അഭിമാനിച്ചു എറണാകുളം പട്ടണത്തിന്റെ പശ്ചിമഭാഗത്തു വസിക്കുന്ന "അങ്ങാടി" ക്കാരായിരുന്നു. കാറിന്റെ ശക്തിയും മഴയുടെ ഭയങ്കരത്വവും കടലിലെ ഓളങ്ങളുടെ അലച്ചിലും വർദ്ധിച്ചുവരുന്നു. സമയം കുറെ കഴിഞ്ഞു. അങ്ങാടിക്കാരുടെ വള്ളങ്ങൾ കരകടന്നു. കൊച്ചീക്കും കടലിലും പോയിരിക്കുന്ന തങ്ങളുടെ ഭർത്താക്കന്മാരെ പ്രതീക്ഷിച്ചു പകൽ മുഴുവനും പടിഞ്ഞാട്ടു കണ്ണുമായി സമയം കഴിക്കുന്ന എത്രയോ ഗൃഹനായികകളാണു അവിടെ കൂടിയിരുന്നതു്. മൃതപ്രായന്മാരായ എട്ടുപേരെ ആ വള്ളങ്ങളിൽനിന്നു കരക്കു വലിച്ചിറക്കി. സാറാമ്മയുടെ വീട്ടിനു മുമ്പിലായി ഒരു ബഹളം കാണാറായി. അവളോ മുകളിൽ ബോധരഹിതയായി വീണുകിടക്കുന്നു.

സാറാമ്മയുടെ അന്നത്തെ രാത്രിയിലെ വ്യസനം എങ്ങിനെ വർണ്ണിക്കും. അങ്ങാടിക്കാരുടെ വല്ലം പൊന്നെത്തുന്നതിനു സപ്പല്യം മുമ്പായി കടത്തുവള്ളത്തിൽനിന്നു കായലിൽ വീണുപോയ രണ്ടാളുകളിൽ ഒരാൾ സാറാമ്മയുടെ ഭർത്താവു ഇഗ്നേഷിയസ്തന്നെ. ഇഗ്നേഷിയസ് യൌവനയുക്തനും ബുദ്ധിശാലിയുമായ ഒരു പുരുഷരത്നമായിരുന്നു. പരിവയസ്സുമാത്രമുണ്ടായിരുന്ന ഈദ്ദേഹം സ്ഥലം അമേനിപ്രേഷകസംഘം സെക്രട്ടറിയെന്ന നിലയിൽ പൊയ്വന്നിരുന്ന സൽപ്രവൃത്തികൾ ആരെയും ആശ്ചര്യപ്പെടുത്തുന്നവയാണ്. വലിയ ധനികനല്ലാതിരുന്ന ഇഗ്നേഷിയസിനു സർവ്വപ്രകാരത്തിലും യോഗ്യയായ ഭാര്യയായിരുന്ന സൌന്ദര്യവതിയും സുശീലയുമായ സാറാമ്മ. ഇവരുടെ ദാമ്പത്യജീവിതം ആനന്ദപരിപൂർണ്ണവും കൃസ്തീയകുടുംബങ്ങൾക്കു ഒരു മാതൃകയുമായിരുന്നു. ഇവർക്കു ആദ്യസന്താനമായി ജനിച്ച കുട്ടിക്കു മാർക്കോസ് എന്ന പേരുവിളിച്ചതു മാതാപിതാക്കന്മാർക്കു സന്തമറിനോടുള്ള പ്രത്യേക ഭക്തിയാൽമാത്രമാണ്.

ഇവരുടെ ജീവിതനൈർമ്മല്യം, അസാധാരണമായ ഔദാര്യശീലം മുതലായ സൽഗുണങ്ങൾകൊണ്ടു ഇവർ നാട്ടുകാരുടെ കണ്ണിലുണ്ണികളായിരുന്നെന്നുതന്നെ പറയാം.

കഷ്ടം! ദുരിതം പുണ്യവന്മാർക്കുള്ളതല്ലെ! ഇപ്പോൾ സാറാമ്മയുടെ സ്ഥിതി എത്ര ദയനീയം. അന്നു കാലത്തു പ്രസന്നമുഖത്തോടുകൂടി ഭാര്യയേയും തന്റെ ഓമനകുഞ്ഞിനേയും പ്രത്യേകം പ്രത്യേകം ലാളിച്ചും ചുംബിച്ചുംകൊണ്ടു സ്നേഹിതൻ കുരിയൻ തൈട്ടോടുകൂടി ഷോടതിയിൽ കിട്ടിയ ശുപാ ബാങ്കിൽനിന്നു വാങ്ങുവാൻ കൊച്ചീക്കു ഇഗ്നേഷിയസ് പുറപ്പെട്ടപ്പോൾ ആ രാത്രി ഇങ്ങിനെ പര്യവസാനിക്കുമെന്നു ആരു വിചാരിച്ചു! ആ ചുംബനം അവസാനചുംബനമെന്നു ആരു സംശയിച്ചു! കുരിയൻതൈട്ടർ സാറാമ്മയുടെ കൂട്ടത്തിൽ ഒരു ബന്ധുവും അവളുടെ ഭർത്താവാകാൻ ആദ്യം വളരെ ആഗ്രഹിച്ചിട്ടുള്ളവനും ആണ്; പ്രകൃത്യാതന്നെ ബുദ്ധിമാനും ധീരനുമായിരുന്നു. തന്റെ ആഗ്രഹനിവൃത്തിക്കു എത്ര സാഹസപ്രവൃത്തിയും ചെയ്യാൻ മടിക്കാത്തവനാണെന്നു ഒരു നോട്ടത്തിൽ ആർക്കും പറയാൻ കഴിയും. കൃശഗാത്രവും വലിയ നെറ്റിത്തടങ്ങളും ഇടതൂർന്ന കണ്ണുകളോടു അടുത്ത പൂരികങ്ങളും കർശ്ശമായ ചുണ്ടും ഗൌരവമായ നോട്ടവും ആരിലും ഭയം ജനിപ്പിക്കും. ഇഗ്നേഷിയസും മറിയാമ്മയുമായുള്ള വിവാഹം തന്റെ ആഗ്രഹത്തെ അസാദ്ധ്യമാക്കിതീർക്കുമെന്നറിഞ്ഞു അതു തടയാൻ തന്നാൽ കഴിവുള്ളതെല്ലാം ചെയ്തിട്ടും ഫലമൊന്നുണ്ടാ

യില്ല. കല്യാണം കഴിഞ്ഞിട്ട വിരോധം പ്രകടിപ്പിക്കുന്നതിൽ യാതൊരു ഗുണവുമില്ലെന്നറിഞ്ഞിരുന്ന റൈട്ടർ, അതിനുശേഷം സാറാമ്മയോടും ഇഗ്നേഷിയസിനോടും പ്രത്യേകം ഒരു മൈത്രിയും സ്നേഹവും കാണിച്ചുപോന്നു. ഒരുമാസംമുമ്പു ബൊബായിൽ "War Lottery" എന്ന നാമധേയത്തിൽ മഹായുദ്ധസഹായധനത്തിനു ഒരു ഷോടതിക്കുറി തുടങ്ങിയതിൽ റൈട്ടരുടെ പ്രത്യേകാഗ്രഹപ്രകാരം ഇഗ്നേഷിയസും അയാളും പങ്കുചേർന്നു ഒരു നക്കു കൂടിയിട്ടുണ്ടായിരുന്നു. ഭാഗ്യവശാൽ ഇഗ്നേഷിയസിനു ഫാ൦൦൦ രൂപായുടെ ഒരു സമ്മാനം കിട്ടിയതു മുൻകരാറുപ്രകാരം മദ്രാസുബാങ്കിൽനിന്നു വാങ്ങി പങ്കിട്ടെടുക്കേണ്ടതിലേക്കു അന്നു അവർ ഒരുമിച്ചു കൊച്ചീക്കുപോയതാണു്. കഷ്ടം! ആ ഷോടതിയിൽ കിട്ടിയ പണം സാറാമ്മക്കു ഒരുക്കിവെച്ചിരുന്ന ദുർദശ ആരറിഞ്ഞു!

ദിവസം രണ്ടു കഴിഞ്ഞു. വള്ളത്തിൽനിന്നു വീണുപോയവരെപ്പറ്റിയാതൊരു അറിവും ഇല്ലതന്നെ. സാറാമ്മ ഇപ്പോഴും വ്യസനിച്ചു തന്റെ ഭർത്താവിനെ ഓർത്തു പടിഞ്ഞാട്ടു കായലിലേക്കു നോക്കിക്കൊണ്ടുതന്നെ ഇരിക്കുന്നു. മൂന്നാംദിവസം പ്രഭാതമായപ്പോൾ കായലിൽ, ചീഞ്ഞു മത്സ്യങ്ങൾ തിന്നവശേഷമായിതീർന്ന ഒരു ശവം വന്നടിഞ്ഞു. സാറാമ്മയാണു അതു ആദ്യം കണ്ടതു്. ഒരു നിമിഷത്തിനുള്ളിൽ അവൾ അതിന്റെ അടുക്കൽ എത്തി. അയ്യോ! മൂന്നുദിവസംമുമ്പു അവളുടെ ഭർത്താവു കൊച്ചീക്കു പോയപ്പോൾ വഷ്കാലത്തിലെ ശൈത്യം യാതൊരു അസ്വാസ്ഥ്യവും ഉണ്ടാക്കരുതെന്നു കരുതി വാത്സല്യപൂർവം ഇഗ്നേഷിയസിനെ ധരിപ്പിച്ച ഫ്ളാനൽഷർട്ടല്ലയൊ ആശവത്തിന്മേൽ കണ്ടതു? അവളുടെ സ്വന്തം കൈകൊണ്ടു തയിച്ച "ഇ" എന്നക്ഷരം ഇപ്പോഴും മുമ്പുനിറത്തിൽ ആ ഷർട്ടിന്റെ മുൻഭാഗത്തു കാണാം. അടുത്തു കൂടിയ ജനക്കൂട്ടത്തിൽ കുറിയൻറൈട്ടരും ഉണ്ടായിരുന്നു. ബാങ്കിൽനിന്നു പുറപ്പെട്ടപ്പോൾ കുറൻസിനോട്ടായി കിട്ടിയ പതിനായിരം ഉറുപ്പികയും ഒരു കെട്ടായി ഇഗ്നേഷിയസു പോക്കറ്റിൽ ഇട്ടപ്പോൾ ആ ഷർട്ട് അദ്ദേഹം സൂക്ഷിച്ചു നോക്കിയെന്നും അതു ഈ ഷർട്ടുതന്നെയാണൊന്നും ഉറപ്പു പറഞ്ഞു. സാറാമ്മയുടെ അവസാന ആശകളും അസ്തമിച്ചു.

II

ഏകദേശം കൊല്ലം നാലുകഴിഞ്ഞു. ഒരുദിവസം നേരം പ്രഭാതമായപ്പോൾ കുറിയൻറൈട്ടർ അയാളുടെ വീട്ടിൽ കിഴക്കെ മുറിയിൽ വിചാരമഗ്നനായി ഇരിക്കുന്നു. മുഖത്തു അസാധാരണവിചാരക്ഷോഭം

ക്ഷണങ്ങൾ കാൺമാനുണ്ട്. മേശപ്പുറത്തു പൊട്ടിച്ച ഒരു എഴുത്തു കൂടോടു കൂടി കിടപ്പുണ്ട്. അതിനടുത്തുതന്നെ വേറൊരു കൂടും (അതിന്റെ മറുപടി) മേൽവിലാസമെഴുതി തയാറാക്കി വെച്ചിരിക്കുന്നു. പൊട്ടിച്ച എഴുത്തു മുഴുവൻ ഒരൈറ്റർ വായിച്ചു. അതിന്റെ റദ്ദ് ചെയ്ത സ്റ്റാമ്പു കൊണ്ടു ആ എഴുത്തു ഇംഗ്ലണ്ടിൽനിന്നു വന്നതാണെന്നു തീർച്ചതന്നെ. എഴുത്തു വായിച്ചു തീർന്നശേഷം വീണ്ടും അതു കവറിൽ ഇട്ടു. മറുപടിയായി എഴുതിയ എഴുത്തു മുഴുവൻ കൂടി വായിച്ചു. "മരിച്ചവൻ ജീവിച്ചുവരികയോ അതു ഒരിക്കലും പാടില്ല. ഞാൻ അതു സമ്മതിക്കുകയില്ല" എന്നു താനറിയാതെതന്നെ ഒച്ചയിൽ പറഞ്ഞു. റൈറ്റർ എന്തൊ ഭയങ്കരകൃത്യം ചെയ്യുന്നുവെന്നോ ചെയ്യാൻ വിചാരിക്കുന്നുവെന്നോ അപ്പോഴത്തെ അയാളുടെ മുഖഭാവം ആരെയും മനസ്സിലാക്കും. എഴുത്തുകൾ രണ്ടും കീശയിൽ ഭദ്രമായി സൂക്ഷിച്ചുവെച്ചുകൊണ്ടു റൈറ്റർ വീണ്ടും ചിന്താമഗ്നനായി. ഘടികാരം എഴടിച്ചു. ആ ശബ്ദം റൈറ്ററെ വിചാരനിദ്രയിൽനിന്നുണർത്തി. ധൃതിയായി കീശയിൽ കയ്യിട്ടു എഴുത്തുകൾ രണ്ടും അവിടെതന്നെയുണ്ടോയെന്നു നോക്കിയശേഷം റൈറ്റർ ഉടുത്തുകെട്ടി സാറാമ്മയുടെ വാസസ്ഥലമായ മാതളശേരിയിലേക്കു നടന്നു.

ഈ കാലത്തിനുള്ളിൽ റൈറ്ററും സാറാമ്മയുമായുള്ള സ്നേഹബന്ധം വളരെ വർദ്ധിച്ചിരുന്നു. ഇഗ്നേഷിയസ് വലിയ ധനവാനല്ലായിരുന്നുവെന്നു മുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അയാളുടെ ഔദാര്യവും അയാളെ കടത്തിൽ തള്ളിയിട്ടിരുന്നു. അതുകൊണ്ടു ഇഗ്നേഷിയസ് മരിച്ചതോടുകൂടി കടക്കാർ ഓരോരുത്തർ സാറാമ്മയേയും കുട്ടിയേയും പ്രതിചേർത്തു അന്യായംകൊടുത്തു. വിധവയായിതീർന്ന സാറാമ്മക്കു ആധാരമായി ഒരുത്തരുമുണ്ടായിരുന്നില്ല. അവളുടെ സ്വന്തം മാതാപിതാക്കന്മാർ അവളെ സഹായിപ്പാൻ ശക്തിയില്ലാത്തവരാണ്. വസ്തുക്കൾ പലതും കടത്തിനു ലേലത്തിൽ വിൽപ്പെട്ടു. ഈ സങ്കടഘട്ടത്തിൽ അവരെ രക്ഷിപ്പാൻ ഒരു മാലാഖയെപോലെ സന്നദ്ധനായതു കൂരിയൻറൈട്ടൻ മാത്രമാണ്. ഷോടതിയിൽനിന്നും കിട്ടേണ്ട 8000 രൂപാ അയാൾ താനെ ഉപേക്ഷിച്ചു. ഇഗ്നേഷിയസിന്റെ മറു കടങ്ങൾ പലതും അയാൾതന്നെ വീട്ടി. ലേലത്തിൽ വച്ചിരുന്ന വസ്തുക്കൾ അയാൾ ലേലത്തിൽകൊണ്ടു യഥേഷ്ടം അനുഭവിക്കാൻ അവൾക്കു വിട്ടുകൊടുത്തു. സങ്കടത്തിൽപെട്ടു വലയുന്ന ഒരു സാധു വിധവയോടുചെയ്ത ഈ ഔദാര്യത്തിനു സാറാമ്മയുടെ ഹൃദയം നന്ദിയാൽ തിങ്ങിവിങ്ങി. റൈറ്റർക്കു താൻചെയ്ത ഈ ഔദാര്യപ്രവൃ

ത്തിക്കൾക്കു പ്രത്യുപകാരമായി സാറാമ്മ അയാളെ വിവാഹംചെയ്യണമെ
ന്നേ ആഗ്രഹമുണ്ടായിരുന്നുള്ളൂ. എങ്കിലും സാറാമ്മക്കു എന്തൊ ആ ഒരു
സംഗതിയിൽമാത്രം വിസമ്മതമായിരുന്നു. റൈട്ടർ കുഴങ്ങി. റൈട്ടർ പല
നയോപായങ്ങൾ പ്രയോഗിച്ചിട്ടും കിട്ടിയ മറുപടിയെല്ലാം ഒന്നുതന്നെ.
"ഈ ഒരു സംഗതിയൊഴിച്ചു മറ്റേതെങ്കിലും എന്നോടു ചോദിക്കു" ഇതാ
ണ് അവളുടെ മറുപടി. റൈട്ടരുടെ ക്ഷമ മിക്കവാറും നശിച്ചു. അങ്ങി
നെയുള്ള ഒരു ഘട്ടത്തിലാണ് നാം അയാളെ ചിന്താമഗ്നനായി അയാളുടെ
വീട്ടിൽ കണ്ടതു്. അന്നു സാറാമ്മയോടു അവസാനമായി ഒന്നുകൂടി ചോദി
ക്കണമെന്നും അതും സാധിച്ചില്ലെങ്കിൽ അവസാന തന്ത്രമായ "ദണ്ഡം"
കൂടി ഉപയോഗിക്കണമെന്നും അയാൾ മനസ്സിൽ ഉറച്ചിരുന്നു.

റൈട്ടർ തന്റെ മുറിയിൽ വിചാരമഗ്നനായിരുന്ന അതേസമയംതന്നെ
സാറാമ്മയും എന്തൊ ദീഘ്രാലോചനയിൽ മുഴുകിയിരിക്കയാണ്. സപ്പ്രാ
അകലെ ആയി അവളുടെ കൂട്ടി പഠിച്ചുകൊണ്ടിരിക്കുന്നു. തലേരാത്രി
ഒട്ടുംതന്നെ ഉറങ്ങിയിട്ടില്ലെന്നു അവളുടെ നയനങ്ങൾ വിളിച്ചുപറയുന്നു
ണ്ടു. പിറ്റേദിവസം കാലത്തു റൈട്ടരോടു ഒരു രീച്ച്യായ മറുപടി പറ
യണമെന്നുള്ള ഭയമായിരുന്നു ഉറങ്ങാതിരുന്നതിനുള്ള ഒന്നാമത്തെ കാരണം.
പുനർവിവാഹത്തിൽ അവൾക്കു തീരെ മനസ്സില്ലാ. റൈട്ടർ തന്നോടു ചെ
യ്തിട്ടുള്ള അനന്യസാധാരണമായ ഔദാര്യം ഓർക്കുമ്പോൾ അയാളുടെ ഈ
ഒരു ആഗ്രഹം അവൾ നിവൃത്തിക്കേണ്ടതല്ലയോയെന്നു അവൾക്കു തോന്നാ
റുണ്ട്; എങ്കിലും അതു സപ്രസ്തുതിലിരിക്കുന്ന അവളുടെ ഭർത്താവിനു അസ
ഹ്യമായ വ്യഥയുണ്ടാക്കുമെന്നതന്നെ അവൾ തീർച്ചപ്പെടുത്തി. ആ വിവരം
റൈട്ടരോടു ഇപ്പോൾ പറയേണ്ടിവന്നതിൽ അവൾക്കുണ്ടായ വ്യസനം
എത്രയെന്നു പറവാൻ പ്രയാസം. അവൾ, സൌമ്യമായി പഠിച്ചുകൊണ്ടി
രിക്കുന്ന തന്റെ കുട്ടിയുടെനേരെ ഒന്നു നോക്കി. കൂരിയൻറൈട്ടർ പി
ണങ്ങിയാൽപിന്നെ അവളുടെയും കുട്ടിയുടെയും ഗതി എന്താണെന്നു ആ
ലോചിക്കാൻപോലും അവൾക്കു വഹിയാ. അവൾ പൂർവചരിത്രം മുഴുവ
നും ഓർത്തു. അയൽപക്കക്കാരുടെയിടയിൽ ഉണ്ടായിരുന്ന പതിവുപോ
ലെ അവളെയും ഇഗ്നേഷ്യസിനെയും ബാല്യത്തിൽതന്നെ സന്തമാറിനു
അടിമയാക്കി അണച്ച ദിവസംമുതൽ വിവാഹം, സൌഭാഗ്യമായ ദാമ്പത്യ
ജീവിതം, വഞ്ചിയപകടം, കായൽ കരയിലെ ആ ഭയങ്കരരാത്രി, ഭർത്താവി
ന്റെ ശവം കണ്ടുകിട്ടിയ നിമിഷം, പിന്നീടുള്ള തന്റെ ദയനീയമായ സ്ഥി
തി എന്നിങ്ങിനെ അവളുടെ ജീവിതത്തിലെ വ്യസനപൂർണ്ണമായ ഓരോ

അങ്കങ്ങളും അവൾ ഓർത്തു. സന്തമാറിന്റെ അടിമകളിൽ ഒരുവൻ മുങ്ങി മരിക്കയെന്നതു കേട്ടുകേൾവിപ്പെട്ടി ഇല്ലാതിരുന്നതിനാൽ സചന കണ്ണുകൊണ്ടു ഭർതൃശവം കണ്ടിരുന്ന അവൾ പുനർവിവാഹം തന്റെ ഭർത്താവിനു രസിക്കയില്ലെന്നു വിചാരിച്ചതിലടങ്ങിയിരിക്കുന്ന വിധിതപം ചില ഭക്ഷണാരുടെ വിശേഷ മനസ്ഥിതിയായി നമുക്കൂഹിക്കാം. ആരും അന്വേഷിപ്പാനില്ലാതിരുന്ന തൃശ്ശൂർക്കാരൻ പൊറുഞ്ഞുവിന്റെ ശവംകൂടി കിട്ടാതെ പോയതിനെക്കുറിച്ചും അവൾ വിചാരിക്കാതിരുന്നില്ല. കഴുകി ഒഴിപ്പിക്കുവാൻ വിരലിൽനിന്നൂരി മേശപ്പുറത്തു വെച്ചിരുന്ന തന്റെ വിവാഹമോതിരം തലേദിവസം കാണാതായിപ്പോയതും ഉറക്കം വരാതിരിപ്പാൻ മറ്റൊരു കാരണമായിരുന്നു. മനസ്സിനെ ഒരുവിധത്തിൽ സമാധാനപ്പെടുത്തി ഒരുമണിയോടുകൂടി ഉറങ്ങുവാൻതുടങ്ങി. കഷ്ടം! കാണാതെപോയ മോതിരവും ധരിച്ചു തന്റെ ഭർത്താവു സന്തമാറിനോടുകൂടെ വീട്ടിൽവന്നു കൂടിയെഴുത്ത് കളിപ്പിച്ചതായി സ്വപ്നംകണ്ട് ഞെട്ടിഉണർന്നു; സാറാമ്മ ബാക്കി രാത്രി പകലാക്കി കഴിച്ചുകൂട്ടി. തലെരാത്രിയിലെ സംഭവങ്ങളെക്കുറിച്ചു ധ്യാനിച്ചുകൊണ്ടാണു അവൾ ഇപ്പോൾ ഇരിക്കുന്നത്. അതെല്ലാം ഒരു മഹാവിപത്തിന്റെ ആഗമനസൂചകമായും പുനർവിവാഹത്തിനു തന്റെ ഭർത്താവിനുള്ള അപ്രീതിയുടെ ലക്ഷ്യമായും അവൾ വ്യാഖ്യാനിച്ചു; ഒന്നു തീർച്ചപ്പെടുത്തിക്കഴിഞ്ഞു. "എന്തുതന്നെ സഹിക്കേണ്ടിവന്നാലും ഈ ജന്മത്തു പുനർവിവാഹം വേണ്ടതന്നെ"; ഇങ്ങിനെ അവൾ വിചാരമഗ്നയായിരിക്കുമ്പോൾ റൈട്ടർ അവിടെ എത്തി.

റൈട്ടരെ യഥോചിതം സല്ക്കരിച്ചിരുത്തി. റൈട്ടർ പഠിച്ചുകൊണ്ടിരുന്ന കുട്ടിയെപിടിച്ചു ആലിംഗനംചെയ്തു മുറുക്കാൻ എടുത്തുകൊണ്ടുവരാൻ പറഞ്ഞയച്ചു. കുട്ടിപോയയുടനെ റൈട്ടർ സാറാമ്മയെനോക്കി ഒന്നു മന്ദഹസിച്ചു. "ഇന്നു മുഖത്തിനെന്താ വലിയ ഒരു വാട്ടം? അതൊക്കെ പോകേണ്ട കാലമായില്ലെ; ഇന്നത്തെ മുറുപടിയാണൊ ഈ ക്ഷോഭത്തിനു കാരണം?"

സാറാമ്മ — അങ്ങു എന്നോടു ക്ഷമിക്കണം. ഞാൻ നന്ദികെട്ടവളല്ലു; എങ്കിലും ഈ സംഗതിയിൽ എന്നെ നിർബന്ധിക്കരുതെ! ദൈവത്തെഓർത്തു അങ്ങു എന്നോടു ക്ഷമിക്കണം.

റൈട്ടർ — "ഞാൻ നിർബന്ധിച്ചാലോ?" സാറാമ്മയുടെ നയനങ്ങളിൽ കണ്ണുനീർ നിറഞ്ഞു. അവൾ നെടുവീർപ്പോടുകൂടി കൈകൾ കൂപ്പിപ്പിടിച്ചു അടുത്തുള്ള ഒരു പായയിൽ മുമരിന്മേൽ ചാരി ഇരുന്നു. അവൾ ഒന്നുംതന്നെ മിണ്ടിയില്ലാ.

റെട്ടർ — ഇതാണോ ധൈര്യമുള്ള സാറാമ്മ. എന്നെ ഭർത്താവായിസ്വീകരിപ്പാൻ എന്താ വിഷമം. ഞാൻ ഇതുവരെ ചെയ്ത ഔദാര്യങ്ങളാണോ അതിനു പ്രതിബന്ധം?

സാറാമ്മ — അതു എന്റെ സ്വാർത്ഥത്തിലിരിക്കുന്ന ഭർത്താവിനു ഇഷ്ടപ്പെടുകയില്ലെന്നു എനിക്കു തോന്നുന്നു.

റെട്ടർ — ഞാൻ നിങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള കരുണാപൂർണ്ണമായ പ്രവർത്തികൾക്കു പകരമായി ഒരു വിറ്റാരം ചെറിയ സംഗതി ഞാൻ ചോദിച്ചതു നിങ്ങൾ നിരസിക്കുന്നുവല്ലോ. ഇതാണോ നന്ദി? എന്റെ ക്ഷമകൊണ്ടു നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന സന്തോഷങ്ങൾ എനിക്കറിയാമെന്നു നിങ്ങൾ അറിയുന്നില്ല. നിങ്ങളുടെ ഈ മുപടിയുടെ ഗൌരവം നിങ്ങൾതന്നെ അറിയും. നന്ദിയില്ലാത്തവർക്കുവേണ്ടി യാതൊന്നും ചെയ്യേണമെന്നില്ല. നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന സുഖത്തിനുപകരം ഞാൻ കൈവിരൽ ഉയർത്തിയാൽ പെരുവഴിയാധാരമെന്നു നിങ്ങൾ ഓർത്തുകൊൾക. വേണ്ടാ. ഓമനകുട്ടിയുമൊന്നിച്ചു വഴിനീളെ തെണ്ടിനടക്കാം.

റെട്ടർ ശകാരവർഷം നിറുത്തി. സാറാമ്മ സഗൌരവം എഴുന്നേറ്റു "അങ്ങു എന്തും ചെയ്തുകൊള്ളണം. ഹൃദയം കാണുന്ന ദൈവം ഒരാളുണ്ടു; എങ്കിലും ഈ സംഗതി തീർച്ചതന്നെ" എന്നു പറഞ്ഞു പുറത്തുപോയി കുട്ടിയെ വിളിച്ചു. റെട്ടർ ഉടനെതന്നെ അവിടെനിന്നു അയാളുടെ ജോലിസ്ഥലമായ പോസ്റ്റാഫീസിലേക്കും നടന്നു.

റെട്ടർ പോയഉടനെ സാറാമ്മ അവളുടെ മുറിയിൽകടന്നു വാതിലടച്ചു. അവളുടെ വ്യസനം കണ്ടവനാർ? അവൾ ഹൃദയം പൊട്ടിയാലെന്നപോലെ വാവിട്ടു കരയുന്നു. ആ കണ്ണുനീരുകൾ അവളെ ആശ്വസിപ്പിച്ചു. അവൾ എഴുന്നേറ്റു ആ മുഖിയിൽ പ്രതിഷ്ഠിച്ചിരുന്ന തിരുഹൃദയരൂപത്തിൻ മുമ്പിൽ മുട്ടുകുത്തി കുമ്പസാരിച്ചു പിന്നെയും കരഞ്ഞു. കുറെകഴിഞ്ഞു അവൾ എഴുന്നേറ്റു ഒരു വെള്ളക്കുടലാസ്സു എടുത്തു അവളുടെ ക്ലേശങ്ങളെല്ലാം സന്തമറിനോടെന്നപോലെ എഴുതി. ഈ പ്രവൃത്തികൊണ്ടു പ്രത്യക്ഷ ഗുണമൊന്നുമുണ്ടായില്ലെങ്കിലും അവളുടെ ഹൃദയം തല്ക്കാലം സുഖപ്രാപിപ്പാനുപകരിച്ചു. റെട്ടർ വെറും ഭീഷണിപറയുന്ന ആൾ അല്ലെന്നു സാറാമ്മക്കു ഉടനെ മനസ്സിലായി. ഷോടതിയിലെ ഗുമസ്തപ്പണി ഉപേക്ഷിച്ചതുകൊണ്ടു റെട്ടർക്കു കിട്ടേണ്ട സംഖ്യകൾ കൊല്ലാം, അയാൾ അന്യായം കൊടുത്തു സാറാമ്മയുടെ വീടും ശേഷിച്ച വസ്തുക്കളും ലേലത്തിനു വയ്പിച്ചു. വളരെ ദൂരമല്ലാത്ത ഭാവിയിൽ സാറാമ്മ തീരെ അഗതിയായ ഒരു വിധവ

യാകുമെന്നു ഏകദേശം ഏല്ലാവർക്കും തോന്നിത്തുടങ്ങി. ഇതുമായപ്പോ ഴാണു സാറാമ്മയുടെ മാതാപിതാക്കന്മാരായ മാത്തച്ചനും മറിയാമ്മക്കും സംഗതികളുടെ ഗൌരവം മുഴുവനും മനസ്സിലായതു്. അല്പബുദ്ധിയായ ആ പെൺകുട്ടിയുടെ ഭൂശ്ശാസ്ത്രത്താൽ അവളും കുട്ടിയും അതോടുകൂടി തങ്ങ ളും ദരിദ്രരാകുകയെന്നതു് അവർക്കു അസഹ്യമായ സംഗതിയായിരുന്നു. അതുകൊണ്ടു സാറാമ്മയെ ഈ ദുരിതാവസ്ഥയിൽനിന്നു രക്ഷിക്കാൻ അവർ മാർഗ്ഗം ആലോചിച്ചുതുടങ്ങി. സാറാമ്മയെ നിർബ്ബന്ധിച്ചു വൈദ്യരെക്കൊണ്ടു വിവാഹം കഴിപ്പിക്കുകതന്നെ എന്നു അവർ തീർച്ചയാക്കി. "ബുദ്ധിയില്ലാത്ത പെണ്ണു! അവൾക്കു എന്തറിയാം. അപ്പനമ്മമാർ കരുതി കല്യാണം തീർച്ചയാ ക്കിയാൽ അതു അവൾ സമ്മതിക്കുതന്നെവേണം. സാറാമ്മ നല്ല അനുസര ണമുള്ള കുഞ്ഞാണു" എന്നിങ്ങിനെ മാത്തച്ചൻ പറഞ്ഞു വൈദ്യർക്കു ആള യച്ചുവരുത്തി. വൈദ്യരുടെ സന്തോഷം വർണ്ണിക്കാവതൊ? കല്യാണം ഇങ്ങി നെ നിശ്ചയിച്ചു.

ആപൽക്കാലത്തു് തന്നോടു സഹതപിക്കേണ്ടിയിരുന്ന ഹൃദയങ്ങളിൽ അനുകമ്പയില്ലെന്നുകണ്ടു സാറാമ്മ മറുദിക്കിൽ ആശ്രയം തേടി. തന്റെ വികാരിഅച്ചനേയും സന്തമാറിനേയും മദ്ധ്യസ്ഥന്മാരും ആലോചനക്കാ രുമായി തിരഞ്ഞെടുത്തു. സാറാമ്മാ നേരിട്ടു, അവർവഴിയായും അവളേയും കുട്ടിയേയും ദൈവത്തിൽ സമർപ്പിച്ചു. പലപ്പോഴും പോകാറുള്ളതുപോലെ അവർ ഒരുദിവസം പള്ളിയിൽ കുട്ടിയോടുകൂടിപ്പോയി. കുർബാന കഴി ഞ്ഞു വികാരിഅച്ചനോടു അവളുടെ കുഴ്ച്ചകളെല്ലാം പറഞ്ഞുകേൾപ്പിച്ചു. ദയാശീലനായ അദ്ദേഹത്തിന്റെ ആലോചനയോടുകൂടി അന്നു അവൾ തന്റെ ഭാവിജീവിതപരിപാടി തയ്യാറാക്കി. വികാരിഅച്ചന്റെ സ്നേഹി തനായ ഒരച്ചൻ പൂനായിലുണ്ടെന്നും, അദ്ദേഹം അവിടെ കേമമായി നട ത്തുന്ന ഒരനാഥശാലയിൽ അവളുടെ കുട്ടിക്കു പ്രവേശനം വാങ്ങിക്കൊടു ക്കാമെന്നും ദൈവതിരുമനസ്സു എന്തെന്നു സ്പഷ്ടമായി തെളിയുന്നതുവരെ സാ റാമ്മക്കു സങ്കേതമായി സ്ഥലം കന്യകാമഠം ഉപയോഗിക്കാൻ വേണ്ട ഏർപ്പാ ടുകൾ ചെയ്യാമെന്നും മറ്റും വികാരിഅച്ചൻ ദയാപൂർവം പറഞ്ഞതു അവൾ സ്വീകരിച്ചു. ഇതിനിടയിൽ വൈദ്യരുടെ കാഠിന്യം കുറയുവാൻ പ്രാർത്ഥിച്ചു കൊണ്ടു് ആലോചനകളെല്ലാം ഗോപ്യമായി വെച്ചിരിപ്പാനും അവർ തീർച്ച യാക്കി. സാറാമ്മ അച്ചനോടു യാത്രപറഞ്ഞു കുട്ടിയോടുകൂടി സന്തമാറിന്റെ കപ്പേളയിൽ എത്തി മുട്ടുകുത്തി പ്രാർത്ഥിപ്പാൻ തുടങ്ങി. അനേക ദിവസ ങ്ങളായി പ്രയാസപ്പെട്ടു് അടക്കിവച്ചിരുന്ന അവളുടെ സങ്കടങ്ങളെല്ലാം ആ

വിശുദ്ധനോടു ചൊന്ന പായുവാൻതുടങ്ങി. അവൾ പ്രാർത്ഥനആരംഭിച്ചു കുറച്ചുകഴിഞ്ഞപ്പോൾ കുട്ടി പുറത്തിറങ്ങിനിന്നു. സാറാമ്മ പുറപുംനടക്കുന്നതൊന്നും അറിയുന്നില്ല. വ്യസനാധിക്യത്താൽ അവൾക്കു വാക്കുകിട്ടുന്നില്ല. പെട്ടന്നു അവൾക്കു ഒരു യുക്തിതോന്നി. കുഴൽ ഒൈട്ടറിൽനിന്നും മറ്റും അതുവരെ അനുഭവിക്കാനിടയായപീഡകളെല്ലാം വൃത്തിയായിഎഴുതിവെച്ചിരുന്ന വെള്ളക്കടലാസു എടുത്തു മഹാരാജാക്കന്മാരുടെ തൃപ്പാദങ്ങളിൽ ഹർജിബോധിപ്പിക്കുന്ന ഹീനനായ പ്രജയെപ്പോലെ അവൾ അതു വിടത്തി സന്തമാദിൻറെ തൃപ്പാദങ്ങളിൽ ചേത്തുപിടിച്ചു. (ഇതു വെറും വിഡ്ഢിത്വമായി വിചാരിക്കുന്ന യുക്തിവാദക്കാരോടു അവൾ ഒരു ഞെക്കപ്പെടുന്ന സ്ത്രീയാണെന്നും അങ്ങിനെയുള്ളവർ മില ചാപല്യങ്ങൾ പ്രവത്തിക്കുന്നതു ക്ഷന്തവ്യമാണെന്നും മാത്രമാണു പറയാനുള്ളതു്.) ഈ നിലയിൽ ഉദ്ദേശം പതു മിനിറുനേരം സമാധിയിൽ കഴിച്ചു. സാറാമ്മ എന്തോ ഒരു ശബ്ദം പിന്നിൽ കേട്ടുണർന്നു. കടലാസു മടക്കിയെടുത്തു എഴുന്നേറു തിരിഞ്ഞുനോക്കിയപ്പോൾ വിശേഷിച്ചാരേയും അവിടെ കണ്ടില്ല. വിദേശവത്തമാനപത്രങ്ങളുടെ ലേഖകനും ഫോട്ടോഗ്രാഫറും എന്ന നിലയിൽ ഏതാനും മാസങ്ങളായി എറണാകുളത്തു് താമസിച്ചിരുന്ന സ്മയിൽ സായ്പ്മാത്രം അതിലെ കടന്നുപോകുന്നുണ്ടായിരുന്നു.

സി. എ. മാത്യു — കല്ലൂർ.

(തുടരും)



അഭിനയപ്പാട്ടു. (Action song)

അമ്മയും മകനും.

("മാതവർ കുലത്തുദിത്ത" എന്ന മട്ടു്.)

മകൻ: വാത്സല്യമേറുന്നെന്നമ്മേ,
ആദി- മാനുഷന്മാരാരാണെന്നുമവക്കുമുന്നം
എന്തെല്ലാം സംഭവിച്ചെന്നും,
ആദ്യം- തൊട്ടെനിക്കു കേട്ടറിവാനകതാരികൾ
ആഗ്രഹം പാരമുണ്ടമ്മേ.

അമ്മ: കുഞ്ഞേ- ആദമെന്നുമവ്വായെന്നും രണ്ടുമർത്യരെ
ആദിയിൽ സൃഷ്ടിച്ചുദൈവം.

ഏദൻ- തോട്ടംതന്നിലായവരെ പാപ്പിച്ചീടിനാൻ
എതുമേ കുറവെന്നിയെ.

മ. ഈശ- നെഞ്ചനെയാദത്തമുന്നം സൃഷ്ടിച്ചെന്നതും
പിന്നെല്ലാം നൽകിയെന്നതും

തെല്ല- വിസ്മരിച്ചു ചൊന്നീടേണ്ടമായതുകേൾപ്പാൻ
ആഗ്രഹം പെരുകീടുന്നു.

അ. ദൈവം- മണ്ണിൽനിന്നന്നാദത്തിനെറ ദേഹത്തെരീത്തു
ആത്മാവുമുതിച്ചേത്തു.

പിന്നെ- ആദത്തിനെറ വാരിയെല്ലുകൊണ്ടുനിർമ്മിച്ചു
ആദ്യത്തെസ്ത്രീയാമവ്വായെ.

മ. ദൈവം- ആരുടെയ ചായയിലാണാദിമർത്യരെ
സൃഷ്ടിച്ചതെന്നും ചൊല്ലുക.

അ. കുഞ്ഞേ- ദൈവംതന്നെറ ചായയായി സൃഷ്ടിച്ചുവെന്നു
ദൈവികഗ്രന്ഥം ചൊല്ലുന്നു.

മ. അമ്മേ- ഒദൈവത്തിനെറ ചായനമ്മിൽ ദേഹത്തിലാണോ,
അല്ലെങ്കിൽ ആത്മാവിങ്കലോ ?

അ. നമ്മിൽ- ബുദ്ധിമനസ്സെന്നു രണ്ടുശക്തിയുണ്ടല്ലോ
ദൈവത്തിൻ ചായയാണവ.

മ. ആദി- മാനുഷക്കു ദൈവമന്നു നൽകിയവര-
ദാനങ്ങളെന്തെല്ലാമെന്നും

ഏദൻ- തോട്ടംതന്നിലായവരെ യേതുനിലയിൽ
പാപ്പിച്ചുവെന്നും പറയു.

അ. അവ- ക്കാത്മാവിന്നും ദേഹത്തിന്നും വേണ്ടവിശിഷ്ട
ദാനങ്ങളൊക്കയും നൽകി.

ദേഹം- ക്ഷീണത്താലോ രോഗത്താലോ കേടുതട്ടാതെ
ക്ഷേമമായ് ജീവിക്കുവാനും,

ദേഹി- കാമംക്രോധമാദിയായ ശക്തികൾക്കൊട്ടും
കീഴ്പ്പെടാതിരിക്കുവാനും

വേണ്ട- ദാനമേകി ലോകനാഥനെന്നല്ലപാത്താൽ
ഇഷ്ടപ്രസാദവും നൽകി.

മ. എന്നി- ലെത്രയും പ്രിയംപെട്ടന്ന മാതാവെ കേൾക്ക
എന്താണീയിഷ്ടപ്രസാദം ?

അതു- കൊണ്ടുനമുക്കെന്തുസാദ്ധ്യമെന്നിവയെല്ലാം
സ്പഷ്ടമായ് പറഞ്ഞീടേണം.

അ. കുഞ്ഞേ- ഇഷ്ടപ്രസാദം ദൈവത്തിൻസൌജന്യമായ
ഉൽകൃഷ്ടവരദാനമാം.

തന്റെ- ഇഷ്ടത്തിന്റെ ലക്ഷ്യമായിട്ടാദാനം നമ്മെ
ശിഷ്ടന്മാരാക്കിത്തീർക്കുന്നു.

നമ്മൾ- ശിഷ്ടന്മാരായ് തീർന്നീടുമ്പോൾ ദൈവമക്കളാം
സദ്ഗതിക്കർഹന്മാരുമാം

മ. എന്നാ- ലാഭവുമവ്വായും മറ്റു മർത്ത്യരെല്ലാരും
സദ്ഗതിക്കർഹന്മാരായോ ?

അ. ഇല്ല- ആദിമാതാവും പിതാവും ദൈവകല്പന
ലംഘിച്ച ഗുരുതരമായ്;

ദൈവം- തിന്നരുതെന്നാജ്ഞാപിച്ച വൃക്ഷഫലത്തെ
തിന്നിതു കൂസൽകൂടാതെ.

അന്നു- തൊട്ടവക്ക കഷ്ടതകളൊട്ടുമവായി
കഷ്ടം ! തൽസന്തതികൾക്കും.

പാപ- മുണ്ടാക്കിച്ച തൽഫലമായ് മൃത്യുനേരിട്ട
« ഉരുവപാപ » മിതത്രെ.

മ. നമ- ജാതിയെന്ന നാശക്കുണ്ടിൽ പതിച്ചുശേഷം
കൈവിട്ടോ ദൈവമവരെ ?

അതോ- കാരുണ്യം കാണിച്ചവരെ പാപത്തിൽനിന്നു
കൈതന്നു കരകേറിയോ ?

അ. പാപ- ശപ്തമതിലാപതിച്ച മർത്ത്യജാതിയെ
രക്ഷിപ്പാനായി സർവേശ്വരൻ

തന്റെ- പ്രീയപ്പുത്രനെ മനുഷ്യവേഷത്തിൽ
ഭൂവിലവതരിപ്പിച്ചു.

മ. എന്നാ- ലക്കഥകൾ കേൾക്കുവാനും മോഹമുണ്ടല്ലേ,
ഒന്നാലെല്ലാം മതമുഴുവൻ

അ. കുഞ്ഞേ- അക്കഥകൾ വിസ്തരിച്ചു ചൊല്ലികേൾപ്പിക്കാം
വേറൊരുദിവസം നിന്നെ.

ഇപ്പോൾ- ദൈവത്തിന്റെ കാരുണ്യത്തെ ധ്യാനിച്ചു
ദൈവത്തെ സ്തുതിച്ചീടുക.

ജെപ്തയുടെ പുത്രി.

(റവ. ഫാദർ പീറ്റർ വടശ്ശേരി.)

ഇസ്രായേൽ ജനം അവക്ക് വാഗ്ദാനം ചെയ്യപ്പെട്ട ദേശത്തു എത്തിയതിൽ പിന്നെ അനേക ശതകങ്ങളോളം അവരുടെ ഭരണം നടത്തി വന്നിരുന്നതു "വിധിയാളന്മാ"രായിരുന്നു. ഇവരിൽ ഒരുത്തനാണ് ഗാലാദ്യനായ ജെപ്തേ എന്നു പേരുള്ള ന്യായാധിപതി. അയാൾ മഹാ ധൈര്യവാനും യുദ്ധവീരനുമായിരുന്നു. തന്റെ സഹോദരന്മാരുടെ ശല്യം നിമിത്തം വീടുവിട്ടോടി തോബ് എന്ന സ്ഥലത്തുചെന്നു വസിക്കുവാൻ അയാൾ നിർബ്ബന്ധിതനായി. അവിടെവച്ചു കാലക്രമേണ കള്ളന്മാരും നിന്ദ്യവൃത്തിക്കു വഴിയില്ലാത്തവരും അയാളുടെ പിന്നാലെ കൂടിക്കൊണ്ടു, അയാളെ തങ്ങളുടെ നായകനാക്കിത്തീർത്തു.

ഇക്കാലത്തായിരുന്നു അമ്മോൻ വഴക്കാർ ഇസ്രായേൽ ജനങ്ങൾക്കു വിരോധമായി യുദ്ധം ആരംഭിച്ചതു്. ഇസ്രായേൽക്കാരുടെ കാര്യം കുറെ ഞെരുക്കത്തിലായപ്പോൾ ഗാലാദിലെ പ്രമാണികൾക്കു ജെപ്തേയേയും അയാളുടെ ശക്തിയേയും പറ്റിയുള്ള ഓർമ്മവന്നു. അവർ ഉടനെ അയാളുടെ അടുക്കൽചെന്നു "അമ്മോൻജാതിയോടു പോരാടുവാൻ നിങ്ങൾ ഞങ്ങളുടെ നായകനായിരിക്കുക" എന്നു അപേക്ഷിച്ചു. "എന്നെ എന്റെ പിതാവിന്റെ വീട്ടിൽനിന്നു ആട്ടിപ്പുറത്താക്കിയ കൂട്ടർ നിങ്ങൾ തന്നെയല്ലെ? അതുകൊണ്ടു ഞാൻ നിങ്ങളുടെ ദേശത്തേക്കു വരികയില്ല" എന്നായിരുന്നു ജെപ്തേയുടെ മറുപടി. ഗാലാദിലെ പ്രമാണികൾ വീണ്ടും "അമ്മോൻ വഴക്കാരെ യുദ്ധംചെയ്തു തോല്പിച്ചാൽ നിങ്ങളെ ഞങ്ങൾ ഗാലാദിലെ നിവാസികളുടെ തലവനായി നിയമിക്കാം. ഇതു് അറിയിപ്പാനാണ് ഞങ്ങൾ നിങ്ങളുടെപക്കൽ വന്നിട്ടുള്ളതു്" എന്നു പറഞ്ഞപ്പോൾ ജെപ്തേ, "നിങ്ങളുടെ അപേക്ഷ കപടമില്ലാത്തതാണോ? ഞാൻ വന്നു ശത്രുക്കളെ തോല്പിക്കുന്ന പക്ഷം, നിങ്ങൾ എന്നെ തലവനായി സ്വീകരിക്കുമോ?" എന്നു ചോദിച്ചു. അപ്രകാരം ചെയ്യാമെന്നു അവർ എല്ലാവരും ആണയിട്ടു പറഞ്ഞു. ഇതിനുശേഷം അയാൾ അവരുടെ നായകത്വം വഹിച്ചുകൊണ്ടു അവരോടുകൂടി പുറപ്പെട്ടു. മാസ്ഫായിൽവച്ചു ദൈവത്തോടു നല്ല വിശ്വാസത്തോടുകൂടി അപേക്ഷിക്കുകയും ചെയ്തു. ഇസ്രായേൽ രാജ്യത്തു് എത്തിയശേഷം യുദ്ധം നിർത്തുവാൻ അമ്മോൻ ജാതിയുടെ രാജാവിനെ

അടുക്കലേക്കു ദൂതന്മാരെ വിട്ടു. പക്ഷേ അദ്ദേഹം അവരുടെ ദൂത്യം കേൾക്കുകൂടി ചെയ്തില്ല. അതിനാൽ യുദ്ധത്തിനുവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു. യുദ്ധത്തിനു പുറപ്പെടുന്നതിനു മുമ്പുതന്നെ ജെഫ്ത ഇങ്ങനെ ഒരു നേർച്ചനേർന്നു. "അമ്മോൻപുത്രർക്കാരെ തോല്പിക്കാൻ ദൈവം എന്നെ സഹായിക്കുന്നതായാൽ, ഞാൻ യുദ്ധംകഴിഞ്ഞു സമാധാനത്തോടുകൂടി തിരിച്ചുവരുന്ന അവസരത്തിൽ എന്റെ വീട്ടിനുള്ളിൽനിന്നു എന്നെ ആദ്യമായി എതിരേല്ക്കുവാൻ വരുന്ന ആളാരോ അയാളെ കർത്താവിനു ബലിയായി സമർപ്പിച്ചുകൊള്ളാം." ഇതിനുശേഷം ജെഫ്ത തന്റെ സേനകളോടും യുദ്ധസന്നാഹങ്ങളോടും കൂടി പുറപ്പെട്ട അമ്മോൻകാർക്കു എതിരെചെന്നു വളരെ ധൈര്യത്തോടുകൂടി പോരാടി. യുദ്ധത്തിൽ പൂർണ്ണവിജയം പ്രാപിക്കുകയും ചെയ്തു. തദനന്തരം തന്റെ വീരയോദ്ധാക്കളോടുകൂടി ജയഭേരിയും മുഴക്കി വീട്ടിലേക്കു തിരിച്ചു. വീട്ടിനു അടുത്തുവന്നപ്പോൾ തപ്പുകളോടും മഹാമോടിയുള്ള വസ്ത്രങ്ങളോടുംകൂടി തന്നെ സസന്തോഷം എതിരേല്പാൻ വന്ന അയാളുടെ ഏകപുത്രിയെ പെട്ടെന്നു ദർശിച്ചു. അവളെ കണ്ടമാത്രയിൽ അയാൾ വാഗ്ദാനം ചെയ്തിരുന്ന നേർച്ചയുടെ ഓർമ്മയാൽ അയാളുടെ ഹൃദയത്തിൽ തീവ്രമായ വ്യസനമുണ്ടായി. അയാൾ കണ്ണുനീരോടുകൂടി അവളോടു ഇപ്രകാരം പറഞ്ഞു. "കഷ്ടം! എന്റെ മകളെ, നീ എന്നേയും നിന്നെത്തന്നേയും വ്യസനപ്പെടുത്തിയിരിക്കുന്നു." കാരണമെന്തെന്നുള്ള അവളുടെ ചോദ്യത്തിനു ആ ഭയങ്കരമായ രഹസ്യം മുഴുവനും വെളിപ്പെടുത്തിക്കൊണ്ടു "ഞാൻ ആദ്യംകാണുന്ന ആളെ ബലികഴിക്കാമെന്നു നേർന്നുപോയി. ഇനി എനിക്കു മറിച്ചുചെയ്വാൻ പാടില്ല." എന്നു മറുപടിപറഞ്ഞു. അപ്പോൾ അവൾ ദുഃഖത്തിനു പകരം മഹാ ധൈര്യം അവലംബിച്ചുകൊണ്ടു പറഞ്ഞ വാക്കുകൾ പ്രത്യേകം ശ്രദ്ധേയങ്ങൾ തന്നെ. "എന്റെ അച്ഛാ! ദൈവത്തോടു ചെയ്ത വാഗ്ദത്തം നിറവേറ്റുകതന്നെ വേണം. അദ്ദേഹം അച്ഛന്റെ ആഗ്രഹം സാദ്ധ്യമാക്കിയതിനാൽ പറഞ്ഞൊപ്പു പൂർത്തിയാക്കാതിരിക്കരുതു്. ഒരു കാര്യം മാത്രം എനിക്കുവേണ്ടി ചെയ്താൽമതി. എന്റെ ചങ്ങാതിമാരൊരുമിച്ചു മലകളിൽചെന്നു എന്റെ കന്യകാത്വത്തെക്കുറിച്ചു വിലപിക്കുവാൻ രണ്ടുമാസത്തെ അവധി തരിക." വരുവാനിരിക്കുന്ന മ്ശിഹായുടെ മാതാവാകുവാനുള്ള ഭാഗ്യം അവളുടെ അകാലമരണത്താൽ അവർക്കു നഷ്ടപ്പെട്ടുമല്ലോ എന്നുള്ള വിചാരം അവളെ അത്യധികം ദുഃഖിപ്പിച്ചു.

ജെഫ്ത തന്റെ മകളുടെ ആഗ്രഹാനുസരണം പ്രവർത്തിച്ചു. രണ്ടുമാസം കഴിഞ്ഞതിനുശേഷം, അവർ കാട്ടിൽ ഒരു വിജനപ്രദേശത്തു ചെന്നു;

അയാൾ ഒരു ബലിപീഠം കല്ലുകൊണ്ടു കെട്ടിയുണ്ടാക്കി അതിന്റെ മീതെ വിറകിട്ടു കത്തിച്ചു. ബലിസാധനത്തിനായി പുറകോട്ടു തിരിഞ്ഞുനോക്കിയപ്പോൾ അയാളുടെ പുത്രി മുവന്ന അരപ്പട്ടയോടുകൂടിയ ഒരു വെളുത്തവസ്ത്രം ധരിച്ചു തലയിൽ പുഷ്പമാലയും ചൂടി മന്ദഹാസപൂർവ്വം പീഠത്തിന്നടുത്തുവന്നു. അവൾ വളരെ മനഃശാന്തതയോടുകൂടി പുതച്ചിരുന്ന വസ്ത്രവും പുഷ്പമാലയും കൈകളിലും കാലുകളിലും ധരിച്ചിരുന്ന സ്വർണ്ണവളകളും മാറിവച്ചുകൊണ്ടു പീഠത്തിൻമീതെ കയറിക്കിടന്നു. അപ്പോൾ അവളുടെ അച്ഛൻ തിളങ്ങുന്ന ഒരു കത്തി നിവർത്തിപ്പിടിച്ചുകൊണ്ടു തന്റെ കുട്ടിയുടെ ശങ്കിലേക്കു അതു കുത്തിക്കയറ്റി. ഇതു എത്ര ഭയങ്കരമായ കാഴ്ചയായിരുന്നു! രക്തധാരധാരയായി പുറത്തേക്കു ചാടുന്നു. രക്തവർണ്ണമായ കവിൾതടങ്ങൾ വിളറി. മറിഞ്ഞുപോകുന്ന കണ്ണുകളിൽനിന്നു ഒരു അന്ത്യവീക്ഷണം, അവസാനമായ ഒരു ദീർഘശ്വാസം, ഇവകൾക്കുശേഷം അവളുടെ ജീവൻ പിരിഞ്ഞു.

ജെഫ്തയുടെ പുത്രിയുടെ ധീരതയെക്കുറിച്ചു ആരാണ് ആശ്ചര്യപ്പെടാത്തത്? ദൈവത്തിന്റെ തിരുമനസ്സിനു അവൾ തന്റെ ജീവനെ സസന്തോഷം ബലികഴിച്ചു. പ്രസ്തുത പ്രവൃത്തിയുടെ നന്മതിന്മയെക്കുറിച്ചു ഇവിടെ ഒരു വിചാരണനടത്തേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. 'കൊല്ലരുതു' എന്ന പ്രമാണം അനുസരിക്കുന്നതിൽനിന്നു ഒരാളെ ഒഴിവാക്കുന്നതിനു, ജീവന്റെ ഉടയവൻ എന്ന നിലയിൽ ദൈവത്തിനു അധികാരമുണ്ടല്ലോ. അതിനാൽ മുൻപറഞ്ഞവിധത്തിലുള്ള വാഗ്ദത്തപൂർത്തീകരണം ദൈവത്തിനു അനുവദിക്കാവുന്നതാണ്. എന്നാൽ ഇവിടെ നമ്മുടെ പ്രത്യേകശ്രദ്ധക്കു വിഷയീഭവിക്കേണ്ടതു അതൊന്നുമല്ല. ആ യൌവ്വനയുക്തയായ സ്ത്രീരത്നത്തിന്റെ വിസ്മയനീയമായ ധൈര്യവും അത്ഭുതകരമായ ത്യാഗബുദ്ധിയും മാത്രമാണ്. സ്വാർത്ഥപ്രതിപത്തി വല്ലാതെ മുഴുത്തിരിക്കുന്ന ഇക്കാലത്തു ജെഫ്തയുടെ പുത്രിയെ അനുഗമിക്കുന്ന യുവജനങ്ങൾ എത്രയുണ്ട്? കൈവിരലുകളുടെ അറ്റത്തു എണ്ണുവാൻ പാടുള്ള ഒരു സംഖ്യയേയുള്ളൂ. നമ്മുടെ കഥാനായികയെപ്പോലെ കുറെപ്പേരെങ്കിലും ഉള്ളതുകൊണ്ടു അത്യുന്നതനായ ദൈവത്തിനു നന്ദി! അവർ സ്ഥിരതയോടും ശാന്തതയോടുംകൂടി ദൈവപീഠത്തിങ്കൽ ചെന്നു തങ്ങളെത്തന്നെ ബലികഴിക്കുന്നു. ഈ ബലി സാധാരണ അർത്ഥത്തിലുള്ള ജീവനാശമല്ലെങ്കിലും ജ്ഞാനാർത്ഥത്തിലുള്ള ജീവിതത്യാഗമാണ്; അതായതു കർത്താവിനു പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെടുന്ന സന്മാർഗ്ഗപരമായ ജീവിതം. ദൈവത്തിന്റെ വിളിയെ കേൾക്കുവാൻ മടിയാത്തവർക്കു ഭാഗ്യം.

ബൈബിൾ കഥകൾ.

പൂവ്വയൗസേപ്പിന്റെ ചരിത്രം.

(റവ. ഫാദർ എം. വടക്കേൽ.)

(രണ്ടാം പെയിജിന്റെ തുടച്ച.)

൨-൦ അങ്കം. ൧-ാം രംഗം.

——;o;——

(പൊത്തിഫാർ ഒരു പീഠത്തിൽ ഇരിക്കുന്നു. ഒരു പട്ടാളക്കാരൻ യൗസേപ്പിനെ അദ്ദേഹത്തിന്റെ മുമ്പിൽ കൂട്ടിക്കൊണ്ടു വരുന്നു.)

പൊത്തിഫാർ — എടാ, യൗസേപ്പേ; നിന്ദ്യനായ ദ്രോഹി! നീ എന്താണ് ഈ ചെയ്തതു്! ഇതാണൊ നിന്റെ നന്ദി? ഞാൻ നിന്നെ എന്റെ വീട്ടധികാരിയാക്കി; ഭവനകാര്യങ്ങളും സമസ്തവും ഞാൻ നിന്നെ ഏല്പിച്ചു; എന്താനും വെള്ളിനാണയങ്ങളും കൊടുത്തു വാങ്ങിയ ഒരു അടിമയായ നിന്നെ ഞാൻ ഇത്ര ഉൽകൃഷ്ടമായ പദവിയിലേയ്ക്കു ഉയർത്തി. അതിനു പ്രതിനന്ദി കാണിക്കുന്നതിനു പകരം നീ എത്ര മഹാ ദ്രോഹമാണ് ചെയ്തതു്? ഞാൻ ഇത്രവളരെ ബഹുമാനവും വിശ്വാസവും പ്രദർശിപ്പിച്ച സ്ഥിതിയ്ക്കു നീ ആ ദുഷ്കൃത്യം ചെയ്യാൻ എങ്ങിനെ തുനിഞ്ഞു? ആ കുറ്റം ക്ഷമിക്കത്തക്കതല്ല, അതിനാൽ ഞാൻ നിന്നെ ഈ നിമിഷത്തിൽ ജോലിയിൽ നിന്നു പിരിച്ചിരിക്കുന്നു. നിനക്കു തടവുശിക്ഷ വിധിക്കയും ചെയ്യുന്നു. ഇനി എന്റെ ഒരു ഉത്തരവുണ്ടാകുന്നതുവരെ നീ പാറാവിൽ കിടക്കണം.

("കാട്ടിൻനടുവിലെന്നെ" എന്ന മട്ട്)

ഭ്രാതാക്കളിങ്ങെന്നെ - ആത്തുരനായി മേവാൻ
വിട്ടാരെൻ വിധിയേവം - കഷ്ടതരമായ് വിഭോ!

കാരണഹീനമിന്നു - കാരുണ്യമഹത്വമിങ്കൽ
ചേരുവാൻ വിധിയായീ - കാരുണിക! കാക്കണേ.

വാത്സല്യമേറുന്നൊരു - മല്പിതാവിൻ മുഖാബ്ജം
കാണ്മതിന്നിടയിനി - യുണ്ടാമോ നാഥായിനി?

(പട്ടാളക്കാരൻ യൗസേപ്പിനെ കൈവിലങ്ങുവച്ചു പാറാവിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു.)

൨-ാം രംഗം.

(പാറാവു—യൌസേപ്പും, ഫറവോന്റെ പാനീയവിചാരിപ്പുകാരനും, അപ്പക്കലവറക്കാരനും.)

യൌസേപ്പു — ഇന്നു നിങ്ങളുടെ മുഖത്തു പതിവില്ലാത്തവണ്ണം ഒരു ദുഃഖഭാവമുണ്ടല്ലൊ. എന്താ കാരണം?

അപ്പക്കലവറക്കാരൻ — ഞങ്ങൾ കഴിഞ്ഞരാത്രി ഒരു സ്വപ്നം കണ്ടു. അതിന്റെ സാരമെന്തെന്നു മനസ്സിലാകാതെ ഞങ്ങൾ പരിഭ്രമിക്കയാണു്.

യൌസേപ്പു — സ്വപ്നങ്ങളുടെ സാരമെന്തെന്നു ദൈവത്തിനേ അറിയാവൂ. എങ്കിലും നിങ്ങൾ കണ്ട സ്വപ്നമെന്താണെന്നു സദയം പറഞ്ഞാലും.

പാനീയവിചാരിപ്പുകാരൻ — ഞാൻ എന്റെ മുമ്പിൽ ഒരു മുന്തിരിവള്ളി കണ്ടു. അതിനു മൂന്നു ശാഖകൾ ഉണ്ടായിരുന്നു. ആ ശാഖകൾ ക്രമേണ വളർന്നു, അവയിന്മേൽ പുഷ്പങ്ങളും കായ്കളുമുണ്ടായി. എന്റെ കയ്യിൽ ഫറവോ രാജാവിന്റെ പാനപാത്രമുണ്ടായിരുന്നു. ഞാൻ മുന്തിരിപ്പഴം പറിച്ചു പാനപാത്രത്തിൽ പിഴിഞ്ഞു രാജാവിനു കുടിക്കാൻ കൊടുത്തു. ഇതാണു ഞാൻ കണ്ട സ്വപ്നം.

യൌസേപ്പു — അതിന്റെ സാരം പറയാം. ആ മൂന്നു ശാഖകൾ മൂന്നു ദിവസങ്ങളാണു്. മൂന്നു ദിവസം കഴിയുമ്പോൾ ഫറവോരാജാവിനു നിങ്ങളെക്കുറിച്ചു ഓർമ്മയുണ്ടാകും. അദ്ദേഹം നിങ്ങളെ പാറാവിൽ നിന്നു വിടുതൽചെയ്തു മുമ്പിലത്തെ ഉദ്യോഗത്തിൽ നിയമിക്കും. അപ്പോൾ നിങ്ങൾ പതിവുപോലെ പാനപാത്രത്തിൽ വീഞ്ഞെടുത്തു അദ്ദേഹത്തിനു കുടിക്കാൻ കൊടുക്കുകയും ചെയ്യും. നിങ്ങൾക്കു ഇങ്ങനെ വീണ്ടും നല്ല കാലം വരുമ്പോൾ എന്റെ കാര്യം ഓർമ്മവേണമേ; എന്നെ ഈ പാറാവിൽനിന്നു രക്ഷിക്കാൻ അദ്ദേഹത്തോടു ദയവായി ശുപാർശ ചെയ്യണം. ഞാൻ ഒരു യഹൂദനാണു്. സ്വദേശത്തുനിന്നു എന്നെ ബലമായി പിടിച്ചുകൊണ്ടുപോന്നു; ഒരു കുറ്റവും കൂടാതെയാണു് എന്നെ ഈ പാറാവിൽ ഇട്ടിരിക്കുന്നതു്.

അപ്പക്കലവറക്കാരൻ — ഞാനും ഒരു സ്വപ്നം കണ്ടു. ഞാൻ എന്റെ തലയിൽ മൂന്നു കൊട്ട പലഹാരം വഹിച്ചിരുന്നു. മുകളിലത്തെ കൊട്ടയിൽ എല്ലാത്തരം പലഹാരങ്ങളുമുണ്ടായിരുന്നു; പക്ഷികൾ

വന്നു് അതുമുഴുവനും കൊത്തിത്തിന്നു. ഇതാണു ഞാൻ കണ്ട സ്വപ്നം.

യൌസേപ്പു — നിങ്ങളുടെ സ്വപ്നത്തിന്റെ സാരം ഇതാണു്. ആ മൂന്നു കൊട്ടകൾ മൂന്നു ദിവസങ്ങൾ തന്നെ. മൂന്നു ദിവസം കഴിയുമ്പോൾ രാജാവു് നിങ്ങളുടെ തല വെട്ടിയെടുത്തു നിങ്ങളെ കഴുവിൽ തൂക്കും. അപ്പോൾ പക്ഷികൾ വന്നു് നിങ്ങളുടെ മാംസം ഭക്ഷിക്കയും ചെയ്യും.

൩-ാം രംഗം.

ഫറവൊ — നാം ഈജിപ്തിലുള്ള സകല ജ്ഞാനികളേയും വിളിച്ചു് അവരോടു നാം കണ്ട സ്വപ്നത്തെക്കുറിച്ചു് പറഞ്ഞു. എന്നാൽ അവക്കാർക്കും അതിന്റെ സാരം പറയാൻ കഴിഞ്ഞില്ല. എന്തു! ഈജിപ്തിൽ ഇത്ര വളരെ ജ്ഞാനികൾ ഉണ്ടായിരുന്നിട്ടും നാം കണ്ട സ്വപ്നത്തിന്റെ സാരം പറയാൻ കഴിവുള്ളവർ ഒരുത്തരുമില്ലെന്നോ? ആ ഭയങ്കരസ്വപ്നം കണ്ടു നാം അത്യന്തം പരിഭ്രമിച്ചിരിക്കയാണു്.

("വിധിയോയിതുയർ ചെയ്തിട്ട" എന്ന മട്ടു്.)

വിധിതൻ - മതമിദമോ - യിവനിൽ — പാരം-
മോഹസിയേറിടും - കദനനിവഹമെന്നെ
ആതുരനാക്കുവ - തതികഠിനത (വിധി)
ഭീകരമാകുമെൻ - സ്വപ്നമതിൻ പൊരുൾ
ആകവേ ചൊൽവതി - നേകനുമില്ലയോ-ഹാ (വിധി)

ഈജിപ്തദേശവു - മജ്ഞനിബിഡിതമോ?
ഈജനമെന്തിനു - പരമിഹവാഴ്ത്തു? (വിധി)

അതിന്റെ അർത്ഥമെന്തെന്നു പറഞ്ഞുതരാൻ ആരുമില്ലല്ലോ! സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞു നമ്മുടെ മനസ്സിനെ സമാധാനപ്പെടുത്താൻ പ്രാപ്തിയുള്ള ഒരു ജ്ഞാനിയെങ്കിലുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ!

പാനീയവിചാരിപ്പുകാരൻ — അല്ലയോ തിരുമേനി! അവിടുന്നു അടിയനേയും അപ്പക്കലവറക്കാരനേയും ശിക്ഷിച്ചു പറാവിൽ ഇട്ടിരുന്ന കാലത്തു ഞങ്ങൾ രണ്ടുപേരും ഓരോ സ്വപ്നം കാണുകയുണ്ടായി. സേനാനായകന്റെ വേലക്കാരനായിരുന്ന ഒരു യഹൂദൻ അന്നു ഞ

ങ്ങളോടുകൂടി പാറാവിൽ അടക്കപ്പെട്ടിരുന്നു. അയാൾ ആ സ്വപ്നത്തിന്റെ അർത്ഥം പറഞ്ഞുതന്നു. അയാൾ പറഞ്ഞ അർത്ഥം ശരിയാണെന്നു സംഭവംകൊണ്ടു തെളിയുകയും ചെയ്തു. എന്നെ മുമ്പിലത്തെ ഉദ്യോഗത്തിൽ വീണ്ടും നിയമിക്കുമെന്നും അപ്പക്കാരനെ കഴുവിൽ തൂക്കുമെന്നുമാണ് അയാൾ സ്വപ്നം വ്യാഖ്യാനിച്ചു പറഞ്ഞതു്. അങ്ങിനെ സംഭവിക്കയും ചെയ്തല്ലോ.

ഫറവൊ — കൊള്ളാം; പട്ടാളക്കാരെവിടെ? നിങ്ങൾ പാറാവിൽ ചെന്നു ആ യഹൂദയുവാവിനെ ക്ഷണം കൂട്ടിക്കൊണ്ടുവരിക.

പട്ടാളക്കാരൻ — ഉത്തരവു്.

(പട്ടാളക്കാർ യൊസേപ്പിനെ കൂട്ടിക്കൊണ്ടുവന്നു ഫറവോന്റെ മുമ്പിൽ നിർത്തുന്നു—യൊസേപ്പു തൊഴുകുന്നു.)

ഫറവൊ — അല്ലയോ, യുവാവെ, ഞാൻ ചില സ്വപ്നങ്ങൾ കണ്ടു. അതിന്റെ അർത്ഥം പറയാൻ ആരെക്കൊണ്ടും കഴിഞ്ഞിട്ടില്ല. എന്നാൽ നിനക്കു സ്വപ്നങ്ങളുടെ അർത്ഥം പറയാൻ കഴിയുമെന്നു കേൾക്കുന്നല്ലൊ.

യൊസേപ്പു — സ്വപ്നങ്ങളുടെ അർത്ഥം ദൈവത്തിനേ അറിയാവൂ.

ഫറവൊ — ഞാൻ കണ്ട സ്വപ്നം പറയാം. ഞാൻ ഒരു നദീതീരത്തു നില്ക്കുന്നതായി തോന്നി. ഏഴു മെഴുത്ത പശുക്കൾ നദിയിൽനിന്നു കയറിവന്നു് അടുത്തുള്ള ചതുപ്പുനിലങ്ങളിൽ മേഞ്ഞുകൊണ്ടിരുന്നു. നന്നാ മെലിഞ്ഞ ഏഴു പശുക്കൾ പിന്നാലെ കയറിവന്നു ആ മെഴുത്ത പശുക്കളെ വിഴുങ്ങിക്കളഞ്ഞു. ഈ സ്വപ്നം കണ്ടു് ഞാൻ ഉണർന്നു. കുറെകഴിഞ്ഞു വീണ്ടും ഉറക്കം ആരംഭിക്കയിൽ വേറൊരു സ്വപ്നമുണ്ടായി. ഒരു തണ്ടിൽ ധാന്യമണികൾകൊണ്ടു നിറഞ്ഞു മനോഹരമായ ഏഴു കതിരുകൾ കിടന്നിരുന്നു. പിന്നീടു കുറച്ചു മണികൾ മാത്രമുള്ളതും, അതുതന്നെ ഉതിർന്നുവീണുപോയതുമായ ഏഴു പൊട്ടക്കതിരുകളും ആ തണ്ടിന്മേൽതന്നെ മുളച്ചുവന്നു. അതുകൾ മുമ്പു കണ്ട പുഷ്ടിയുള്ള കതിരുകളെ വിഴുങ്ങിക്കളഞ്ഞു. ഇതാണു് രണ്ടാമത്തെ സ്വപ്നം. ഇവയുടെ സാരമെന്തെന്നു പറയാൻ ഈ നാട്ടിലുള്ള ജ്ഞാനികളിൽ ആർക്കും സാധിച്ചിട്ടില്ല. നിനക്കു സാധിക്കുമെങ്കിൽ പറയൂ.

യൊസേപ്പു — തിരുമേനി, അവിടുന്നു കണ്ട രണ്ടു സ്വപ്നത്തിന്റെയും സാരം ഒന്നു തന്നെ. വരുവാൻപോകുന്ന കാര്യം, ദൈവം ഈ സ്വപ്നം

വഴി തിരുമേനിയെ മുൻകൂട്ടി അറിയിച്ചിരിക്കയാണ്. ഏഴു മെഴുത്ത പശുക്കളും, ഏഴു പുഷ്ടിയുള്ള കതിരുകളും സുഭിക്ഷങ്ങളായ ഏഴു സംവത്സരങ്ങളെ കുറിക്കുന്നു. ഏഴു ചടച്ച പശുക്കളും, ഏഴു പൊട്ടക്കതിരുകളും പിന്നാലെ വരുന്ന ക്ഷാമമുള്ള ഏഴു സംവത്സരങ്ങളെ സൂചിപ്പിക്കുന്നു. ആദ്യത്തെ ഏഴു സംവത്സരങ്ങൾ ഏതു സുഭിക്ഷങ്ങളായിരിക്കുമോ, പിന്നാലെവരുന്ന ഏഴു സംവത്സരങ്ങൾ അതിലധികം ക്ഷാമമുള്ളതായിരിക്കും. ഒരേസംഭവത്തെ സംബന്ധിക്കുന്ന രണ്ടു സ്വപ്നങ്ങളുണ്ടായതു് ആ സംഭവം തീച്ചയായും നടക്കുമെന്നു് അങ്ങയെ നന്നായി ബോദ്ധ്യപ്പെടുത്താൻ വേണ്ടിയാണ്. ദൈവം അറിയിക്കുന്ന കാര്യങ്ങൾ യഥാർത്ഥങ്ങളായിരിക്കും. അതിനാൽ തിരുമനസ്സുകൊണ്ടു വേണ്ട മുൻകരുതലുകൾ ചെയ്യിപ്പിക്കേണ്ടിയിരിക്കുന്നു. ബുദ്ധിമാനും ഉത്സാഹശീലനുമായ ഒരാളെ ഈജിപ്തിലെ അധികാരിയായി നിയമിക്കണം. അദ്ദേഹം സുഭിക്ഷമുള്ള ഏഴു സംവത്സരങ്ങളിൽ വിളയുന്ന ധാന്യങ്ങളിൽ അഞ്ചിലൊരു ഭാഗം ശേഖരിച്ചു ഭണ്ഡാരത്തിൽ സൂക്ഷിക്കയും, പിന്നീടു ക്ഷാമം നേരിടുന്ന ഏഴു സംവത്സരങ്ങളിൽ ആ ധാന്യം ജനങ്ങൾക്കു ആവശ്യം പോലെ കൊടുക്കുകയും ചെയ്യണം. ഇപ്രകാരം ചട്ടംകെട്ടുകൾ ചെയ്യുന്നപക്ഷം രാജ്യം ക്ഷാമംകൊണ്ടു നശിക്കയില്ല.

ഫറവൊ — നിന്നെപ്പോല ദൈവരൂപിയാൽ ഇത്ര പൂർണ്ണനായിട്ടു ഒരു മനുഷ്യനെ കണ്ടുകിട്ടാൻ അസാദ്ധ്യം. ദൈവം ഈ കാര്യങ്ങളൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതുകൊണ്ടു് നിന്നെക്കാൾ ജ്ഞാനമുള്ള ഒരാളുമില്ല. അതിനാൽ, കണ്ടാലും, ഞാൻ നിന്നെ ഈജിപ്തു് രാജ്യത്തിലെ സർവ്വാധികാരിയായി നിയമിച്ചിരിക്കുന്നു. എന്റെ കൊട്ടാരത്തിലെ കാര്യഭരണവും നീ തന്നെ നടത്തണം. സകല പ്രജകളും നിന്റെ കല്പന ആചരിക്കണം. രാജാവു എന്ന നിലയിൽ ഞാൻ മാത്രം നിന്റെ മേലായിരിക്കും. ഈജിപ്തിലുള്ള മറ്റു സകല ജനങ്ങളും നിന്റെ കല്പനക്കു വിപരീതമായി യാതൊന്നും പ്രവർത്തിച്ചുകൂടായെന്നാണ് എന്റെ കല്പന.

(പരിചാരകന്മാർ പട്ടുകൊണ്ടുള്ള ഒരു ഉടുപ്പു കൊണ്ടുവന്നു യൌസേപ്പിനെ ധരിപ്പിക്കുന്നു—ഫറവൊതന്നെ ഒരു സ്വർണ്ണച്ചങ്ങലയും മോതിരവും അയാളെ അണിയിക്കുന്നു. രാജസേവകൻ യൌസേപ്പിന്റെ നിയമനം ഇപ്രകാരം പ്രഖ്യാപനം ചെയ്യുന്നു.)

"ഈജിപ്തിൽ പുരിയതായി നിയമിക്കപ്പെട്ട ഭരണാധികാരിയെ കണ്ടാലും; മഹാനായ നമ്മുടെ ഫറവൊരാജാവിനെ കഴിഞ്ഞാൽ


രാജ്യത്തിലെ അധികാരി ഇദ്ദേഹമാണ്. സകല പ്രജകളും ഇദ്ദേഹത്തെ വണങ്ങി നമസ്കരിക്കണം. (ഘനപൊ ഒഴികെ രംഗത്തുള്ള സകലരും ഒരു കാൽ മുട്ടുകുത്തി യൌസേപ്പിനെ നമസ്കരിക്കുന്നു)

ഈജിപ്തിലുള്ള സകല ജനങ്ങളും ഇദ്ദേഹത്തിന്റെ കല്പനപ്രകാരം നടന്നുകൊള്ളണം.

(രാജാവിന്റെ കാഹളം ഊതി യൌസേപ്പിനു ആചാരബഹുമാനം നൽകുന്നു.)

("ഭാരത മാതാപെറ" എന്ന മട്ട്)

ആധിദകാരാഗാരം - തന്നിൽനിന്നേവമിപ്പോൾ-
സ്വാതന്ത്ര്യമേകിയെന്നെ - ത്രാണനം ചെയ്ത നാഥാ!
കരുണാസാഗര! തേ-സ്തോത്രം-പരമനായകനെ!



ഒരു കുബ്ബാന ചൊല്ലിച്ചുകൊടേ?

(ഒരു വാസ്തവ സംഭവം.)

കെ. കെ. കുഞ്ഞിക്കാട്ട്.

മാസത്തിന്റെ ആദ്യ വെള്ളിയാഴ്ച. മണി ഒൻപതു കഴിഞ്ഞു. പള്ളിയകത്തെ കമ്മാദികളെല്ലാം നടത്തി കാപ്പികുടിച്ചു് അല്പം ഒന്നു ആശ്വസിക്കുന്നതിനായി, അന്നത്തെ അഞ്ചലിൽ വന്ന പത്രങ്ങൾ എടുത്തു് വായനശാലയിൽ ഞാൻ സ്ഥലം പിടിച്ചേയുള്ളൂ. അന്നേരം എന്റെ മുറിയുടെ വാതിൽക്കൽ ഒരു ചെറുപ്പക്കാരൻ വന്നു "അച്ചാ ഒരാൾക്കു് അന്ത്യകൂദാശകൾ നൽകണം" എന്നു ആവശ്യപ്പെട്ടു.

ഞാൻ — എവിടെയാണു്?

ആ ആൾ — പുഴക്കക്കരെ.

ഞാൻ — രോഗമെന്തു്?

ആ ആൾ — ജ്വരമാണു്.

ഞാൻ — ആരംഭിച്ചിട്ടു എത്ര നാളായി?

ആ ആൾ — പനി തുടങ്ങീട്ടു ഇന്നക്കു് മൂന്നു ദിവസമേ ആയുള്ളൂ. മസൂരിയായിട്ടാണു് ആരംഭിച്ചതു്. വൈദ്യൻ നിശ്ചയിച്ചിരുന്ന ദിവസത്തിനു മുമ്പു് കുളിപ്പിച്ചതിനാൽ സന്നികൊണ്ടു.

ഞാൻ — ദേഹത്തിൽ പൊങ്ങിയതെല്ലാം ഉണങ്ങിയൊ?

ആ ആൾ — ഉവ്വ്.

ഞാൻ — ഇപ്പോൾതന്നെ പോരേണമെന്നുണ്ടോ?

ആ ആൾ — വേണം. ചിലനേരത്തു് ബോധപകൃ വരുന്നുണ്ടു്.

"ആരെങ്കിലും എന്റെ പിന്നാലെ വരുന്നതിന്നു ആഗ്രഹിക്കുന്നു എങ്കിൽ അവൻ തന്നത്താൻ ത്യജിച്ചു് എന്നെ അനുഗമിക്കട്ടെ." എന്ന മ്ശിഹായുടെ വാക്യം ഒന്നുമാത്രമാണു്, കാലത്തെ ബുദ്ധിമുട്ടനിമിത്തം വളരെ ക്ഷീണിച്ചിരുന്ന എന്നെ ഉടനെ അവിടേനിന്നും എഴുന്നേൽപ്പിച്ചതു്.

ഞാൻ — വഞ്ചി കൊണ്ടുവന്നിട്ടുണ്ടോ?

ആ ആൾ — ഉവ്വു്.

ഞാൻ — എന്നാൽ കപ്പ്യാരോടു എല്ലാം ഒരുക്കുവാൻ പറയു.

ക്ഷണനേരംകൊണ്ടു് ഞങ്ങൾ എവരും വഞ്ചിയിലായി. ഒരുശോമ് ശിഹായെ ഞാൻ മടിവിടത്തിൽ അണച്ചിട്ടുണ്ടു്. വഞ്ചി കടവിൽനിന്നും തള്ളി. കാറു് നല്ലവണ്ണം വീശിക്കൊണ്ടിരുന്നതിനാൽ വെയിലിന്റെ ചൂടു് അറിഞ്ഞതേയില്ലാ. ഇരുകരകളിലും തിങ്ങിനിൽക്കുന്ന തെങ്ങിൻകൂട്ടങ്ങളും അവയുടെ ഇടയിൽ സ്ഥിതിചെയ്യുന്ന വീടുകളും, അനേകം കുടിലുകളും, ജനങ്ങളുടെ സഞ്ചാരവും, പുഴയിൽകൂടി "തണ്ടുംകെട്ടിത്തരമൊടു ചരിക്കുന്ന വള്ള"ങ്ങളുടെ പോക്കും എല്ലാം കണ്ണുകളെയും മനസ്സിനെയും ഒരുപോലെ ആനന്ദിപ്പിക്കുന്നവയായിരുന്നുവെങ്കിലും ഒന്നുംതന്നെ അന്നേരം എന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നില്ല. എന്നിരിക്കിലും ക്ഷണനേരംകൊണ്ടു് എന്റെ ക്ഷീണമെല്ലാം മാറി. മനഃപാഠമായി ചില സങ്കീർത്തനങ്ങൾ ഉരുവിട്ടിരുന്ന എന്റെ ചുണ്ടുകൾ സാവധാനത്തിൽ അനങ്ങാതായി. മനസ്സും ഞാൻ അറിയാതേന്നേ അന്യചിന്തയിൽ ലയിച്ചു.

മസൂരിദീനം പിടിപെട്ട ആൾക്കാണു് ഞാൻ അന്ത്യകൂദാശകൾ കൊടുക്കുവാൻ പോകുന്നതെന്നു് വികാരിഅച്ചനെ അറിയിക്കാമായിരുന്നു. ഇന്നേവരെ ഈ തരം കേസുകൾക്കു് എന്നെ അയച്ചിട്ടില്ലല്ലൊ. ഇതും അദ്ദേഹംതന്നെ നടത്തിയേനെ. ഈ മഹാവ്യാധി ബാധിച്ചുകിടക്കുന്നവരെ ഞാൻ കണ്ടിട്ടേ ഇല്ലാ. പകരുന്നതും ആപൽക്കരവുമായ ഒരു ഭയങ്കരദീനമാണല്ലൊ; തന്നെയല്ലാ, ആവശ്യം നടത്തുന്നതിനു് മറുമാർഗ്ഗമുണ്ടായിരിക്കെ എന്റെ ഈ പുറപ്പാടു് അവിവേകമായിപ്പോയി. എനിക്കു് ദീനം പകർന്നാൽ എവരും എന്നെ കുറപ്പെടുത്തും; തീർച്ചയാണു്; മടങ്ങുന്നതും ചിതമല്ലല്ലൊ. എന്തായാലും നടത്തുവാൻ വിചാരിച്ചിറങ്ങിയ കാര്യം

വഴീപോലെ നടത്തട്ടെ. ദൈവം അറിയാതെകണ്ട് ഒന്നുംതന്നെ സംഭവിക്കയില്ല. സപ്രസ്ഥനായ പിതാവിൻെറ അറിവുകൂടാതെ തലമുടിയുടെ ഒരിഴകൂടി കൊഴിയുകയില്ലല്ലൊ. ഇതിനാലെ എൻെറ ഇഹലോകവാസം അവസാനിക്കുന്നുവെങ്കിൽ സന്തോഷത്തോടുകൂടെ ആയതും സ്വീകരിക്കുതന്നെ. എന്തിനു ശങ്കിക്കുന്നു? അന്നൊരിക്കൽ "കോളറ" പിടിപെട്ട ഒരാൾക്ക് അന്തിമകൂദാശകൾ കൊടുക്കുവാൻ ഒന്നാമതായി പോയശേഷം എനിക്ക് അല്പം ഒരു പനിമാത്രമല്ലേ ഉണ്ടായുള്ളൂ. അതിൽപിന്നെ ഇന്നേവരെ ആ ദീനക്കാരിൽ എത്ര എത്ര പേരുടെ ആവശ്യങ്ങൾ ഞാൻ നടത്തിയിരിക്കുന്നു! അതുപോലെതന്നെ മസൂരി ദീനക്കാരുടെ കാര്യത്തിലും! ധൈര്യം വേണം! അതുതന്നെ. എൻെറ ദൈവം എൻെറ കൂടെ ഉണ്ട്. "അങ്ങെ തിരുമനസ്സുപോലെയാകട്ടെ!" ഇത്രയുമായപ്പോൾ ഞങ്ങൾ യോഗിയുടെ കടവു് സമീപിച്ചു. "റാഹെം അലേയിൻ" എന്ന സങ്കീർത്തനം ഞാൻ മെല്ലെ ചൊല്ലിത്തുടങ്ങി. അഞ്ചു് മിനിറ്റിനുള്ളിൽ സുഖക്കേടുകാരിയുടെ അടുക്കൽ എത്തി. എന്നിൽമുമ്പുണ്ടായിരുന്ന ഭയമെല്ലാം എവിടെ പോയെന്നു അറിഞ്ഞില്ല.

അവിടെ മുപ്പതും നാല്പതും വയസ്സു പ്രായംതോന്നിക്കുന്ന രണ്ടുമൂന്നു പുരുഷന്മാരും ഒന്നു രണ്ടു് സ്ത്രീകളും മാത്രമെ ഉണ്ടായിരുന്നുള്ളൂ. ദീനം പിടിപെട്ട് കട്ടിലിൽ കിടക്കുന്ന സുന്ദരിയായ യുവതിക്കു് ഇരുപതിൽകൂടുതൽ പ്രായം ആയിട്ടില്ലെന്നുവേണം പറയുവാൻ. അതെ, സുന്ദരിതന്നെ; അവളുടെ മുഖത്തു് ഉണങ്ങി പൊറപിടിച്ചുകാണുന്ന പരുക്കുകൾക്ക്, വളരെ പണിപ്പെട്ടിട്ടും അവളെ വിരൂപയാക്കാൻ സാധിച്ചിട്ടില്ല. കഴുത്തുവരെ അവളുടെ ദേഹം ഒരു വെള്ളപ്പുവുകൊണ്ടു് മൂടിയിരിക്കയാണു്. ജപമാല കൈവിരലുകളിന്മേൽ ചുറ്റിയും അതിൻെറ അറ്റത്ത് കൊളുത്തിയിരുന്ന തുണ്ടപ്പെട്ടരൂപം മാറിലണച്ചുമിരുന്നു. ആ വനിതയുടെ പ്രസന്നമുഖം സന്തോഷത്താൽ തുടിച്ചതായും കാണപ്പെട്ടു. എന്നെ കണ്ടമാത്രയിൽ അവൾ ഭക്തിയോടുകൂടി ചെയ്ത ആചാരം, ഞാൻ വഹിച്ചിരുന്നതു് അവളുടെ ദിവ്യരക്ഷകനെയാണെന്നു പ്രത്യേകം പറയാതെ അവിടെ കൂടിയിരുന്ന ഏവരേയും തെളിവായി അറിയിക്കുന്നതായ ഒന്നായിരുന്നു. അലങ്കരിച്ചു് ഒരുക്കി അവർക്കു് നല്ലവണ്ണം കാണാവുന്നതായ ഒരു മേശമേൽ തിരുഓസ്തി അടങ്ങിയിരുന്ന അരുളിക്കയെ ഞാൻ വച്ചപ്പോൾ ദിവ്യരക്ഷകനെ വണങ്ങിക്കൊണ്ടു് "നിത്യസ്തുതിക്കു യോഗ്യമായ ശ്രീ. കുബ്ബാനക്കു് എന്നേരവും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ" എന്ന സുകൃതജപം ആ സ്ത്രീ ഉച്ചരിച്ചതു് ഏതു

കട്ടത്ത ഹൃയത്തേയും ഇളക്കുന്ന ഒന്നാന്തരം പ്രാർത്ഥനയായിരുന്നു. പാപോച്ചാരണത്തിനു ശേഷം കുമ്പസാരിപ്പിച്ചശേഷം അവൾക്ക് ദിവ്യഭോജനവും നൽകി. ഒടുക്കത്തെ "ഒപ്രൂശുമ" തൽക്കാലം കൊടുക്കേണമൊ എന്നതിനെപ്പറ്റി എന്റെ മനസ്സിൽ നടന്നിരുന്ന ആലോചനയെ ആ യുവതി ഗ്രഹിച്ചുകൊണ്ടൊ എന്നു തോന്നുമാറ് "അച്ചാ! എനിക്ക് വേണ്ടുന്നവയെല്ലാം ഇപ്പോൾ തന്നെ തന്നേക്കണെ!" എന്ന് വ്യക്തമായ സ്വരത്തിൽ എന്നോട് ആവശ്യപ്പെട്ടു. മസൂരിയുടെ പരുക്കൾ ഉണങ്ങിക്കാണുകമൂലം സൈത്ത് സാധാരണയായി പൂശുന്നപോലെ പെരുവിരലുകൊണ്ട് ഞാൻ ലേപനം ചെയ്തുതുടങ്ങി. എന്നാൽ പാദങ്ങളിൽ പൂശുവാനായി അവളെ മൂടിയിരുന്ന തുണി എടുപ്പിച്ചപ്പോൾ ആ ഭാഗം മുഴുവനും വ്രണമായിക്കണ്ടു. ദുർഗന്ധവും അവിടെനിന്നു പുറപ്പെടുന്നുണ്ട്. സൈത്ത് പെട്ടി വഹിച്ചിരുന്ന കപ്യാരുടെ അന്നേരം "ഒരു വല്ലായ്മ" തോന്നിയതു ഞാൻ ഉടനെ മനസ്സിലാക്കി. പെട്ടി മേശപ്പുറത്തുവച്ച് പുറത്തിറങ്ങിപ്പൊയ്ക്കൊൾവാൻ അവനോട് ആംഗ്യം കാണിച്ചു. ഉടനെ അവൻ ആമുറിയിൽനിന്നു പോയി. പാദങ്ങളും പെരുവിരൽകൊണ്ടുതന്നെ പൂശുവാൻ എനിക്ക് ശങ്കതോന്നിയില്ല. എന്നു വരികിലും വിവേകപൂർവം പ്രവർത്തിക്കാമെന്നുകരുതി അല്പം പഞ്ഞി എടുത്തു സൈത്തിൽമുക്കി ഉള്ളംകാലുകളും യഥാക്രമം പൂശി. പിന്നീട് മറ്റു ചടങ്ങുകളെല്ലാം നിർവ്വഹിച്ചു നിത്യമരണത്തിനു വേണ്ടുന്ന ഉപദേശങ്ങളും ആ ദീനക്കാരിക്ക് പറഞ്ഞുകൊടുത്തു. ശരീരമാകുന്ന കാരാഗൃഹത്തെ വിട്ട് ദൈവത്തെ അഭിമുഖമായിക്കണ്ട് നിത്യമായി ആനന്ദിക്കുവാൻ അത്യാശയോടെ പാർത്തിരിക്കുന്ന ആ പാവനമായ ആത്മാവിനോട് അധികമൊന്നും പറയേണ്ടതായി വന്നില്ല. പ്രസ്തുതകൃത്യം എന്നിലും ആത്മീയമായ ഒരു സന്തോഷം ഉളവാക്കി. സപാഗ്രഹം നിർവ്വഹിപ്പാൻ എന്നെക്കാൾ ആ പാവനഹൃദയയ്ക്ക് കിടക്കേണ്ടതായും വന്നില്ല. ആദ്യ വെള്ളിയാഴ്ചയിലെ ആ കുർബാന കൈക്കൊള്ളുവാട്ട് അവളുടെ അവസാനത്തേതായിരുന്നു.

ദിവസങ്ങളും ആഴ്ചകളുമെന്നല്ല മാസങ്ങൾ പലതും കഴിഞ്ഞു. ഒരു ദിവസം ഉച്ചതിരിഞ്ഞു രണ്ടുമണി സമയത്തു് ഉദ്ദേശം ഇരുപത്തിഏഴുവയസ്സു് പ്രായം ഉള്ള ഒരു ചെറുപ്പക്കാരൻ എന്റെ അടുക്കൽ വന്നു പറഞ്ഞുണർത്തിട്ട് "അച്ചാ! നാളെ മരിച്ചയാൾക്കായി ഒരു കുർബാന ചൊല്ലണം" എന്നാവശ്യപ്പെട്ടു.

ഞാൻ — നാളെത്തന്നെ ചൊല്ലണമോ?

ആ മറുപടിക്കാരൻ — വേണം അത്യാവശ്യമാണ്.

ഞാൻ — ഇത്രവലിയ ആവശ്യം എന്തെന്നു പറയാമെങ്കിൽ.....

ആ. മ. — എട്ടുപത്തു മാസങ്ങൾക്ക് മുമ്പ് ജ്വരം പിടിച്ചിരുന്ന ഒരു സ്ത്രീക്ക് അച്ഛൻ അന്ത്യകൂദാശകൾ കൊടുത്തത് ഓർക്കുന്നുണ്ടായിരിക്കുമല്ലൊ?

ഞാൻ — എവിടെ?

ആ. മ. — "..... തുരുത്തിൽ."

ഞാൻ — മസൂരി പിടിപെട്ട ഒരു സ്ത്രീക്കല്ലെ?

ആ. മ. — അതെ. അവൾ എന്റെ ഭാര്യയായിരുന്നു.

ഞാൻ — ആ സ്ത്രീ മരിച്ചുപോയില്ലയൊ?

ആ. മ. — ഉവ്വ്; പിന്നീടു ഞാൻ പുനർവിവാഹം ചെയ്തിട്ട് ഇപ്പോൾ രണ്ടുമൂന്നു മാസമായി. എന്റെ ഇപ്പോഴത്തെ ഭാര്യ പലപ്പോഴും ഭയപ്പെട്ട നിലവിളിയ്ക്കുയും ബോധരഹിതയായി വീഴുകയും ചെയ്യാറുണ്ട്.

ഞാൻ — എന്താ! അവൾക്കു ചുഴലിദീനം ഉണ്ടായിരിക്കാം.

ആ. മ. — ഇല്ല; സുഖക്കേടിന്റെ സ്വഭാവം ചോദിച്ചപ്പോൾ ഭാര്യ ഇങ്ങനെയാണ് പറഞ്ഞത്. "ഞാൻ രാത്രി ഉറക്കത്തിൽ ഒരു കാഴ്ച കാണാറുണ്ട്; എന്നാൽ വെറും സ്വപ്നമല്ല; ഒരു സ്ത്രീ വളരെ ഭയങ്കരമായ മുഖഭാവത്തോടെ എന്റെ അടുത്തുവരും. എനിക്കു എന്തെന്നില്ലാതെ ഭയമുണ്ടായി. ഞാൻ പരിഭ്രമിച്ചു ബോധംകെട്ടു. ബോധംവീണു നോക്കിയപ്പോൾ ആരേയും കണ്ടതുമില്ല. ആ കാഴ്ചയെപ്പറ്റി എനിക്കു കൂടക്കൂടെ ഓർമ്മവരും. അപ്പോഴാണ് ഞാൻ നിലവിളിക്കയും ബോധരഹിതയായി വീഴുകയും ചെയ്യുന്നതു." ആദ്യം ഞങ്ങളാരും ഇതു വിശ്വസിച്ചില്ല. എന്തോ ദീനമായിരിക്കുമെന്നു വിചാരിച്ച് പല വൈദ്യന്മാരെക്കൊണ്ടും ചികിത്സിപ്പിച്ചു. ഒരു ഗുണവും ഉണ്ടായില്ല. ഭാര്യ ആ കാഴ്ചയാണു ദീനത്തിനു കാരണമെന്നു ഉറപ്പിച്ചു പറഞ്ഞിരുന്നു. ഒടുവിൽ ഒരിക്കൽ എന്റെ അനുജനും ഇതേ കാഴ്ചയുണ്ടായി. അപ്പോൾ അവൻ അശേഷം പരിഭ്രമിക്കാതെ ആ സ്ത്രീ ആരാണെന്നും എന്തിനു അവിടെ വന്നെന്നും മറ്റും ചോദിച്ചു. അതിനു ആ സ്ത്രീ ഇങ്ങനെ മറുപടി പറഞ്ഞു. "ഞാൻ നിന്റെ ജ്യേഷ്ഠത്തിയാണ്. എന്റെ കാതിലെ മോതിരങ്ങളും കുറെ പണവും നിങ്ങളുടെ കൈവശം ഇരിപ്പുണ്ടല്ലൊ. എനിക്കു വേണ്ടി ഒരു കുമ്പാനം ചൊല്ലിച്ചുകൂടേ?" കുമ്പാനം.....

പള്ളിയിൽ ചൊല്ലിച്ചല്ലൊ എന്നു അവൻ മുപടി പറഞ്ഞപ്പോൾ "അതുപോരാ, ഈ പള്ളിയിൽ ഒന്നു ചൊല്ലിക്കണം" എന്നായിരുന്നു പ്രത്യുത്തരം. ഉടനെ ആ സ്ത്രീ മറയുകയും ചെയ്തു. ആകയാൽ അച്ചൻ നാളെത്തന്നെ ഈ കുമ്പാനം ചൊല്ലണമെന്നാലോചിച്ചു.

ഞാൻ — ഇതു് എന്തൊരുകൃതി! എന്തെങ്കിലുമാവട്ടെ. കുമ്പാനം നാളെത്തന്നെ ചൊല്ലിയേക്കാം. ഇനി ഇതുസംബന്ധിച്ചു വല്ല സംഭവവും നടന്നാൽ എന്നെ അറിയിക്കണം.

ആ. ചെ. — അങ്ങിനെതന്നെയാകട്ടെ?

പിന്നീടു് ഇതേവരെ യാതൊന്നും അറിയപ്പെട്ടിട്ടില്ല. ദൈവത്തിന്റെ വഴികൾ ആർ അറിയുന്നു!!

ശുഭം.

വേദോപദേശ കഥകൾ.

ഈഷപ്പോസ് എന്ന കഥാകാരൻ എല്ലാ ഞായറാഴ്ചകളിലും തന്റെ അതിമെത്രാസനപള്ളിയിൽ ഏടവകക്കുമ്പാനം സമയത്തു പ്രസംഗം ചെയ്തിരുന്നു. ആ പ്രസംഗമാകട്ടെ, വേദോപദേശഗ്രന്ഥത്തിലടങ്ങിയ സംഗതികളെ വിവരിച്ചുള്ള ഉപദേശമായിരുന്നു. വിദ്വാന്മാരും സാധാരണക്കാരും, പ്രഭുക്കന്മാരും കൂലിവേലക്കാരും, എന്നുവേണ്ടാ എല്ലാതരം ആളുകളും അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ താല്പര്യമുള്ളവരായി കാണപ്പെട്ടു. അവർക്കു ഇത്രരസകരമായി തോന്നിയ ആ പ്രസംഗങ്ങളുടെ യഥാർത്ഥസ്വഭാവമെന്തെന്നു അദ്ദേഹം അവരോടു ഒരിക്കൽ പറയുകയുണ്ടായി. "ഞാൻ എല്ലാ ഞായറാഴ്ചകളിലും വേദോപദേശപാഠങ്ങൾ വ്യാഖ്യാനിച്ചാണു് പ്രസംഗിക്കാൻ പോകുന്നതെന്നു മുമ്പേകൂട്ടി പ്രസ്താവിച്ചിരുന്നെങ്കിൽ ആ പ്രസംഗം കേൾക്കുന്നതു് അന്തസ്സിനുപോരാത്തതാണെന്നു നിങ്ങൾ വിചാരിക്കുമായിരുന്നു. എന്നാൽ ഞാൻ ഇത്രനാളും അങ്ങിനെയാണു പ്രസംഗിച്ചതു്. നിങ്ങൾ ആ പ്രസംഗങ്ങൾ വളരെ ശ്രദ്ധയോടും സന്തോഷത്തോടും കൂടി കേൾക്കുകയും ചെയ്തു. അതിൽനിന്നു ഒരു കാര്യം മനസ്സിലാക്കേണം. വേദോപദേശപുസ്തകം പ്രായംചെന്നവർക്കും, കുട്ടികൾക്കും, വിദ്വാന്മാർക്കും, സാധാരണക്കാർക്കും എല്ലാവർക്കും ഒരുപോലെ പ്രയോ

ജനകരമായ ഒന്നാണ്. ആക്കും പഠിച്ചറിയാനുള്ള കാര്യങ്ങൾ അതിലുണ്ട്. വേദോപദേശഗ്രന്ഥം നിസ്സാരമായി വിചാരിക്കുന്നവർ അതിന്റെ യഥാർത്ഥ സ്വഭാവം ഗ്രഹിച്ചിട്ടില്ലാത്തവരാകുന്നു.»

നെപ്പോളിയൻ ചക്രവർത്തി സെന്റ് ഹെലേനാ എന്ന ദ്വീപിൽ തടവുകാരനായി പാർത്തിരുന്ന കാലത്തു, അദ്ദേഹത്തിന്റെ വിശ്വസ്ത സ്നേഹിതനായ ബർട്രാണ്ട് എന്ന സേനാനായകനും ഒരുമിച്ചുണ്ടായിരുന്നു. ചക്രവർത്തി തന്റെ ആ സ്നേഹിതന്റെ പുത്രിയെ രണ്ടുകൊല്ലക്കാലത്തിലധികം വേദപാഠം പഠിപ്പിച്ചു. അവൾ വിട്ടുപോകുമ്പോൾ കൈക്കൊള്ളാൻ പ്രായമായപ്പോൾ നെപ്പോളിയൻ പ്രാൻസിൽ നിന്നു പ്രത്യേകം ഒരു പട്ടുകാരനെ വരുത്തി. അദ്ദേഹം അവൾക്കു വേണ്ട ഉപദേശം കൊടുക്കുകയും അവളെ ആ മഹൽക്കുടുംബത്തിൽ ഉൾക്കൊള്ളാൻ വേണ്ടവിധം ഒരുക്കുകയും ചെയ്തു.

ഡിഡെറൊ എന്ന വിദ്വാൻ കഴിഞ്ഞ നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാ മതവിരോധികളിൽ ഒരാളായിരുന്നു. എങ്കിലും അയാൾ തന്റെ പുത്രിയെ വേദോപദേശ പുസ്തകത്തിലെ പാഠങ്ങൾ പഠിപ്പിച്ചു. അവിശ്വാസിയായ അയാളുടെ ഒരു സ്നേഹിതൻ അതുകണ്ടു ആക്ഷേപിച്ചപ്പോൾ, ഡിഡെറൊ പറഞ്ഞതു ഇപ്രകാരമാണ്. «ഞാൻ മേരിയെ വേദോപദേശ പുസ്തകത്തിലേയും സുവിശേഷ ഗ്രന്ഥത്തിലേയും പാഠങ്ങൾ പഠിപ്പിക്കുന്നതിനുള്ള കാരണം പറയാം. അവളെ ഒരു ഗുണവതിയായ പെൺകുട്ടിയും, സ്വഭാവം വെടിയുന്ന ഭാര്യയും, സ്നേഹംനിറഞ്ഞ മാതാവും ആക്കിത്തീർക്കുന്നതിനു ആ പാഠങ്ങളോളം നല്ലതായി വേറെ എന്തുണ്ട്?»

അമ്മ: മകനേ, ഇന്നു ചെയ്യാവുന്ന യാതൊരു ജോലിയും നാളത്തേയ്ക്കു വിചാരിച്ചു നീട്ടിവയ്ക്കരുതു്.

മകൻ: കൊള്ളാം അമ്മേ; എന്നാൽ ബാക്കി വച്ചിട്ടുള്ള പലഹാരവുംകൂടി ഇപ്പോൾതന്നെ തിന്നുകളയാം.

* * *

രണ്ടുകുട്ടികളിൽ ഒന്നാമൻ: നമുക്കു എന്നാൽ ആദാമിന്റെയും ഹവ്വായുടെയും കളി കളിക്കാം.

രണ്ടാമൻ: അതെങ്ങിനെയാണ്.

ഒന്നാമൻ: നീ നിന്റെ കയ്യിലുള്ള പഴം തിന്നാൻ ഞാനെന്നു നിന്നോടു പറയാൽ മതി.

പ്രസാധകക്കുറിപ്പുകൾ.

———:o:———

സ്വാഗതം.

കേരളീയ കത്തോലിക്ക സുറിയാനി സഭാദ്ധ്യക്ഷനും എറണാകുളം മെത്രാപ്പോലീത്തയുമായ മഹാവന്ദ്യദിവ്യശ്രീ കണ്ടത്തിൽ മാർ ആഗ്നുസ്തീനോസ് തിരുമനസ്സുകൊണ്ടു റോമയിൽചെന്നു പരിശുദ്ധപിതാവിനെ സന്ദർശിച്ചശേഷം, അവിടത്തെ പൈതൃകമായ ആശീർവ്വാദങ്ങളും വഹിച്ചുകൊണ്ടു ഇക്കഴിഞ്ഞ ഒക്ടോബർ ന-ാംന- മൊവ്വാഴ്ച ഇവിടെ മടങ്ങി എത്തിയല്ലൊ. അപ്പോഴെയ്ക്കു കഴിഞ്ഞലക്കം 'ചന്ദ്രിക' അടിച്ചുകഴിഞ്ഞതിനാൽ ആ മഹൽസംഭവംപ്രമാണിച്ചു ഞങ്ങൾക്കു അതിൽ ഒന്നുംതന്നെ പറയുന്നതിനു സാധിച്ചില്ല. എങ്കിലും മെത്രാപ്പോലീത്താച്ചൻ തിരുമനസ്സിലെക്ക് ഞങ്ങൾക്കുള്ള അപാരമായ ഭക്തിസ്നേഹബഹുമാനങ്ങളുടെയും അവിടുന്നു ദൈവാനുഗ്രഹത്താൽ സസുഖം മടങ്ങിയെഴുന്നള്ളിയതിൽ ഞങ്ങൾക്കുള്ള അകൈതവമായ സന്തോഷത്തിന്റേയും ഒരു അല്പ ലക്ഷ്യമായി തിരുമനസ്സിലെ ചരായാപടം പ്രത്യേകം അടിപ്പിച്ചു 'ചന്ദ്രിക'യിൽ ചേർത്തു മാന്യ വരിക്കാക്കെല്ലാം അയച്ചുകൊടുത്തു. തിരുമനസ്സിലെ മടങ്ങിവരവുപ്രമാണിച്ചുണ്ടായ ആഹ്ലാദാരവങ്ങളേയും മറ്റും കുറിച്ചുള്ള വിവരങ്ങൾ സാമാന്യം എല്ലാവരും ഇതിനിടയിൽ അറിഞ്ഞിരിക്കകൊണ്ടു അതുസംബന്ധിച്ചു ഞങ്ങൾ തല്ക്കാലം ഒന്നും പറയുന്നില്ല. മെത്രാപ്പോലീത്താച്ചൻ കുറെ ദിവസങ്ങളായിട്ടു ദേഹസുഖാർത്ഥം കൊരട്ടിപ്പള്ളിയിൽ എഴുന്നെള്ളി താമസിച്ചുവരികയാണ്. കുറെ വിശ്രമം ആവശ്യമുണ്ടെന്നല്ലാതെ അവിടത്തേയ്ക്കു ശരീരാസ്വാസ്ഥ്യം ഒന്നുംതന്നെയില്ലെന്നറിയുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. തിരുമനസ്സുകൊണ്ടു അരോഗദൃഢഗാത്രനായി ദൈവാനുഗ്രഹപരിപൂർണ്ണനായി കേരളീയകത്തോലിക്കസുറിയാനിസഭയുടെ അദ്ധ്യക്ഷപദം ചിരകാലം അലങ്കരിക്കുന്നതിനു സർവ്വേശ്വരൻ ഇടയാക്കട്ടെ എന്നാണു 'ചന്ദ്രിക'യുടെ പ്രാർത്ഥന.

ചില പ്രധാന സംഭവങ്ങൾ.

ഇക്കഴിഞ്ഞ മാസത്തിൽ ഇന്ത്യൻകത്തോലിക്കരെ പ്രത്യേകം സംബന്ധിക്കുന്ന ചില പ്രധാന സംഭവങ്ങളുണ്ടായിട്ടുള്ളതു് ഇതിനകം എല്ലാവരും അറിഞ്ഞിരിക്കുമെങ്കിലും അവയെക്കുറിച്ചു "ചന്ദ്രിക"യ്ക്കുള്ള വികാരങ്ങളെ രേഖപ്പെടുത്തേണ്ടതാണല്ലോ:—

അനേകവർഷം ഇന്ത്യയുടെ ലേഗാദ് അപ്പസ്തോലിക്കയായിരുന്ന, ഭാരതീയരായ നമ്മുടെ സ്നേഹബഹുമാനങ്ങളെ അർഹിച്ചിട്ടുള്ള മഹോന്നത ദിവ്യശ്രീ സലേസ്റ്റിതിരുമനസ്സുകൊണ്ട് റോമയിൽവെച്ചു ഏതാനും ആഴ്ചകൾക്കുമുമ്പ് നിര്യാതനായതിൽ ഞങ്ങൾക്കുള്ള വ്യസനത്തെ പ്രകാശിപ്പിച്ചുകൊള്ളുന്നു.

ഇന്ത്യൻകത്തോലിക്കാ നേതാക്കന്മാരിൽ ഒരാളും മദ്രാസ് നിയമനിർമ്മാണസഭാപ്രസിഡണ്ടുമായിരുന്ന സ്വാമിക്കണ്ണുപിള്ള അവർകളുടെ നിര്യാണംകൊണ്ടു കത്തോലിക്കർക്കുണ്ടായ നഷ്ടത്തെ മിക്കവാറും തീർക്കുമാറു, ഇപ്പോൾ പച്ചയ്യപ്പാസുകോളേജ് പ്രഥമസ്ഥനും ഒരു ഉത്തമകത്തോലിക്കനും മായരത്നസ്വാമിഅവർകളെ തൽസ്ഥാനത്തേക്ക് തെരിഞ്ഞെടുത്തിരിക്കുന്നു. ഇതിൽ ഞങ്ങൾക്കുള്ള സന്തോഷത്തെ പ്രകാശിപ്പിക്കുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു.

തൂശ്ശിവപേരൂർ കത്തോലിക്കാ സൂരിയാനിക്കാരുടെ ഉപയോഗാർത്ഥം പുത്തൻപേട്ടയിൽ ഒരു പള്ളി പണിതുകൊള്ളുന്നതിനു അനുമതി സിദ്ധിക്കയും അതനുസരിച്ചു പള്ളിയുടെ ആശീർവാദകർമ്മം തൂശ്ശിവപേരൂർ മെത്രാനച്ചൻതിരുമനസ്സുകൊണ്ടു ആഘോഷപൂർവം നടത്തുകയും ചെയ്തിരിക്കുന്നു. അനവധി പ്രതിബന്ധങ്ങളുണ്ടായിരുന്നിട്ടും തൂശ്ശിവപേരൂർപട്ടണത്തിൽ അത്യാവശ്യമായ ഈ മഹൽകാര്യം സാധിക്കുന്നതിനു അവിടുത്തെ കത്തോലിക്കർ ചെയ്ത പരിശ്രമത്തെഅഭിനന്ദിക്കയും അനുമതി നൽകിയ മഹാരാജാവു് തിരുമനസ്സിലേയ്ക്കു നന്ദിപറയുകയും ചെയ്തുകൊള്ളുന്നു.

വരിക്കാരോട്ട്

"ചന്ദ്രിക"യ്ക്കു അപേക്ഷകന്മാരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ആദ്യലക്കംമുതൽ വേണമെന്നാവശ്യപ്പെട്ടുന്നവർക്കു ഒന്നും രണ്ടും ലക്കങ്ങൾ തീർന്നുപോകയാൽ അയച്ചുകൊടുപ്പാൻ നിവർത്തിയില്ല. പുതുതായിട്ടുള്ള അപേക്ഷകന്മാർക്കു മൂന്നാംലക്കംമുതൽക്കേ അയയ്ക്കാൻ നിവൃത്തിയുള്ളു. ഇനിയും വന്നുകൊണ്ടേയിരിക്കുന്ന അപേക്ഷകന്മാർക്കു ഇപ്രാരംഭഗതിനിടയാകാതിരിക്കാൻവേണ്ടി ഇത്തവണ കൂടുതൽ പ്രതികൾ അച്ചടിപ്പിച്ചിട്ടുണ്ടു്. അപേക്ഷകന്മാരല്ലാത്തവരും, സ്വീകരിക്കുമെന്നു ഞങ്ങൾക്കുബോദ്ധ്യമുള്ളവരുമായ ചിലമാന്യന്മാർക്കും മൂന്നാംലക്കം അയക്കുന്നു. സ്വീകരിപ്പാൻ മനസ്സില്ലാത്തവർ വിവരമറിയിക്കയോ മാസിക മടക്കിഅയക്കയോ ചെയ്യുമല്ലോ. ഒന്നുംരണ്ടും ലക്കങ്ങൾ സ്വീകരിച്ചിട്ടുള്ളവരെ ഞങ്ങൾ സ്ഥിരവരിക്കാരായി ചേർത്തിരിക്കുന്നു. ഞങ്ങളുടെ പ്രസ്ഥാനത്തെ അഭിനന്ദിച്ചും വരിസംഖ്യ മണിയോർഡറായി അയച്ചും ഞങ്ങളെ പ്രോത്സാഹിപ്പിക്കയും സഹായി

ക്കയും ചെയ്തിട്ടുള്ളവരുടെനേക്കുള്ള കൃതജ്ഞതയെ ഇവിടെ പ്രകാശിപ്പിച്ചു കൊള്ളട്ടെ. കഴിഞ്ഞതവണത്തെ പരസ്യമനസ്സിച്ച വി. പി. അയയ്ക്കാതിരുന്നതു് ഇരുകൂട്ടർക്കും വി. പി. എറ്റുപ്പാടു നഷ്ടമാണല്ലോഎന്നു കരുതിയിട്ടാണു്. ഇനിയും വരിസംഖ്യ അയച്ചിട്ടില്ലാത്തവർ ഇനി ഏതെ ലക്കത്തിനു മുമ്പേ, വി. പി. വരാൻ കാത്തിരിക്കാതെ, വരിസംഖ്യ മണിയോർഡറായി അയച്ചുതരണമെന്നപേക്ഷ. അല്ലാത്തവക്കു വി. പി. അയയ്ക്കാൻ ഞങ്ങൾ നിബ്ബന്ധിതരായിതീരുന്നതാണു്.

ആശീർവ്വാദം.

Bishop's House,
Trichur, 20-9-'25.

Very Revd. and dear Father,

THANK you for the magazine. I read it and am glad to say it is very interesting and instructive. As you say in the introduction, it has, in spite of the various Catholic publications, an aim and utility all its own. I strongly recommend the same to our boys and girls and wish that their guardians and teachers insist on its reading regularly.

With best wishes and blessings,

I am,
Yours sincerely,
Bishop of Trichur.

(ഇതിന്റെ തർജ്ജമ.)

മാസിക അയച്ചുതന്നതിനു നന്ദി. വായിച്ചുനോക്കിയതിൽ അതു വളരെ രസകരവും വിജ്ഞാനപ്രദവുമാണെന്നു നാം സന്തോഷപൂർവ്വം അഭിപ്രായപ്പെടുന്നു. പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതുപോലെ, കത്തോലിക്കരുടേതായി നമ്മുടെയിടയിലുള്ള മറ്റു പ്രസിദ്ധീകരണങ്ങളെ അപേക്ഷിച്ചു അതു പ്രത്യേകമായ ഒരു ഉദ്ദേശവും ഉപയോഗവും നിർവ്വഹിക്കുന്നു ഒന്നാണു്. നമ്മുടെ ബാലികാബാലന്മാർ ഈ മാസിക വരുത്തി വായിക്കേണമെന്നു നാം ഉപദേശിക്കയും, അവരെക്കൊണ്ടു അതു മുടങ്ങാതെ വായിപ്പിക്കുന്നതിൽ അവരുടെ രക്ഷകർത്താക്കന്മാരും ഗുരുനാഥന്മാരും നല്ലവണ്ണം ശ്രദ്ധ പതിക്കണമെന്നു ആഗ്രഹിക്കയും ചെയ്യുന്നു.

മെത്രാപ്പോലീത്താ മംഗളം.

(പഞ്ചിപ്പാട്ട്)

ശ്രീവിളങ്ങും മലങ്കരവാസികളെ! നമ്മൾക്കെല്ലാം
ആവിർമ്മോദപ്രദായകൻ മെത്രാപ്പോലീത്താ
റോമ്മാപ്പുരി, പാരീസ്പുരി, ആൽപ്സുഗിരി, ലൂർദ്ദുപുരി,
ഡോവർഷെരി, കാന്റർബ്ബരി, ലണ്ടൻപട്ടണം
എന്നതൊട്ട സർവ്വുംതാൻ കണ്ടു തുഷ്ടിയാർന്നു, പക്ഷേ
നന്ദനന്മാർ നമ്മെക്കാണാഞ്ഞാസ്ഥയോടിതാ
വന്നണഞ്ഞുവല്ലോ, നമ്മൾക്കെല്ലാംചെന്നു കൈമുത്തീടാം
മംഗളങ്ങളാശംസിക്കാം സപ്രാഗതമോതാം.
സഹ്റഗന്മാർ മുവരിൽവെച്ചഗ്രേസരൻ "തോമ്മാമെത്രാൻ"
ഇപ്രപഞ്ചത്തിരക്കുള്ളിൽ മറഞ്ഞമൂലം
ദുഃഖംപൂണ്ടിരിക്കുംതാത സന്നിധാനം പൂകിച്ചൊല്ലാം
സാന്ത്വനങ്ങൾ; നമ്മളങ്ങേ പുത്രന്മാരല്ലേ?
സർവസൗഖ്യ സമ്പൂർണ്ണനാം പുണ്യശ്ലോകൻ മാപ്പിപ്പിതൻ
സർവാരാധ്യ തൃപ്പാദങ്ങൾ ചുംബിച്ചീടാനും
സീയ്യോൻക്രിസ്ത്യാനി കീർത്തി പൂരം പാരിൽപാരം പരത്താനും
നിയ്യോണത്തെപ്പോലും ലേശം പേടിച്ചീടാതെ
ദേശാടനം ചെയ്തവന്ദ്യൻ സീയ്യോൻ മെത്രാപ്പോലീത്തായെ
ആശീർവ്വദിക്കട്ടെദൈവം സൗഖ്യം നേർക്കട്ടെ.
സത്യവേദം നാട്ടിലെങ്ങും ശക്തിപ്പെട്ട വർദ്ധിക്കട്ടെ
മർത്ത്യരെല്ലാം രമ്യതയിൽ ജീവിച്ചീടട്ടെ.
ക്രിസ്ത്യാനിവ്യക്തി സർവംപൂർവ വിശ്വാസത്തിൽ ചേർന്നീടട്ടെ
നിത്യം ഭക്തനിക്കായ്ശ്രമം യത്നിച്ചീടട്ടെ;
സീയ്യോൻക്രിസ്ത്യാനി സമുദായം അണുനൈന്മം ഭരിക്കട്ടെ;
ആയ്ശ്ചായ്പദം ഭംഗ്യാ പാലിച്ചീടട്ടെ.

എം. വി. ജേക്കബ്, കിത്തു.

മംഗളാശംസകൾ.

("മഞ്ഞാഡ ഭാരതനോ" എന്ന മട്ട്.)

കമാൾ. താളം രൂപകം.

പല്ലവി

വാഴ്കാ! നീണാൾ മുദാ! — സാരമാസികേ!

അനുപല്ലവി.

സുജ്ഞാനദീപികയായ് - സ ന്ത്രികയായ് (വാഴ്കാ)

ചരണം

1) സൽകഥാവലിയതിൽ - സൽഗുണവിതരണാ
ചൊല്ലോളുംപടി ചെയ്യ - പാത്തലേവിളങ്ങി നീ (വാഴ്ക).

2) സത്യവുമാത്മധൈര്യം - നിത്യഭക്തിയിത്യാദി-
സ്തുത്യഗുണപൂരിതേ! - നിത്യംലസിച്ചയന്ന (വാഴ്ക)

3) ബാലഹൃൽഭിത്തിതന്നിൽ - ജ്ഞാനചിത്രങ്ങൾ ചാർത്തി
ചാലവേ "കഥാചന്ത്രികേ" നീ നല്ലുദ്യോഗത്തോടേ (വാഴ്ക)

4) ബുദ്ധിവികാസമതി - ന്നൊത്തപോൽ തവയത്നം
നിത്യം വിജയമാവാൻ - "ക്രീസ്തു" നാഥൻതുണയ്ക്കും! (വാഴ്ക)

ജി. ജോസഫ് പള്ളിപ്പാടൻ.
ഇടപ്പിള്ളി.

പുത്തൻഫൊറുക്കിയേന്തും പഴയസിറിയ പൂങ്കാവനത്തിന്റെ ഭാഗ്യം
വിപ്പുലം കാട്ടിടേണ്ടും ചരിയലതകളാം ബാലചിത്തങ്ങളെല്ലാം
കൈക്കൊള്ളേണ്ടും പ്രകാശക്കതിരുകളനിശംവീശി നൽ 'ചന്ത്രികേ' നീ
കത്തോലിക്കാനഭോമണ്ഡലമതിലുയരാനമ്മേ 'മേരീ' തുണയ്ക്ക.

എ. ഡി. ഐസക്ക്.

നിരുപമരസമോലും സൽ 'കഥാ' രാമമാന്നാ-
ളുരുതരമുപദേശപ്പൂക്കളൊക്കെപ്പെറുക്കി
സുരുചിതരമാല്യംരീതു ചാർത്തിജ്ജയിപ്പാ-
നതുകതുണയാക്കും സൽക്കഥാ 'ചന്ത്രികേ'! നീ.

എം. വി. ജേക്കബ്, കിഴക്കു.